# ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്ത്

## പതിനാലാം പഞ്ചവത്സര പദ്ധതി 2022–27

### 2026–27 വാർഷിക പദ്ധതി

## ജനകീയാസൂത്രണം

### നവകേരളത്തിന് ജനകീയാസൂത്രണം

## 2026–27 പദ്ധതി രേഖ

## ഉള്ളടക്കം


| | |
|---|---|
| | ആമുഖം |
| അദ്ധ്യായം 1 | തദ്ദേശഭരണസ്ഥാപനത്തിന്റെ വിശകലനസ്ഥിതി – അവസ്ഥാവിശകലനം |
| അദ്ധ്യായം 2 | വാർഷിക പദ്ധതി അവലോകനം |
| അദ്ധ്യായം 3 | പ്രശ്നവിശകലനവും പ്രശ്നപരിഹാര സാദ്ധ്യതകളും |
| അദ്ധ്യായം 4 | വികസനകാഴ്ചപ്പാട്, ലക്ഷ്യങ്ങൾ, തന്ത്രം |
| അദ്ധ്യായം 5 | വിഭവ സ്രോതസ്സുകളും വകയിരുത്തലുകളും |
| അദ്ധ്യായം 6 | പ്രോജക്ടുകളും അവയുടെ വിശദാംശങ്ങളും |
| അദ്ധ്യായം 7 | പ്രത്യേക പദ്ധതികൾ/പരിപാടികൾ |
| അദ്ധ്യായം 8 | വായ്പാ ബന്ധങ്ങൾ |
| അദ്ധ്യായം 9 | സമഗ്രപരിപാടികളും സംയോജന സാദ്ധ്യതകളും |
| അദ്ധ്യായം 10 | മോണിറ്ററിംഗ് |

# ആമുഖം

**പ്രിയമുള്ളവരെ,**

**ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിലെ നല്ലവരായ ജനങ്ങളുടെ പങ്കാളിത്തത്തോടെ നമ്മുടെ പഞ്ചായത്തിന്റെ വികസനത്തിനു വേണ്ടിയുള്ള ഒരു വർഷത്തെ രൂപ രേഖയാണ് ടി വാർഷിക പദ്ധതി. ഗ്രാമസഭകളുടെ നിർദ്ദേശങ്ങൾ സ്വീകരിച്ച് അടിസ്ഥാന സൗകര്യ വികസനം, വരുമാനദായക പദ്ധതികൾ, സാമൂഹികക്ഷേമം, എന്നിവയ്ക്ക് ഊന്നൽ നൽകിയാണ് ടി വാർഷിക പദ്ധതി ആവിഷ്കരിക്കുന്നത്.**

**2026–27 പഞ്ചായത്ത് വാർഷിക പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ തദ്ദേശീയമായ ആവശ്യങ്ങൾ തിരിച്ചറിഞ്ഞ് ജനപങ്കാളിത്തത്തോടെ വികസനം ഉറപ്പാക്കി സാമൂഹിക സാമ്പത്തിക പുരോഗതി കൈവരിക്കുക എന്നതാണ്. ഗ്രാമസഭകളിലൂടെ ആവശ്യങ്ങൾ ശേഖരിക്കുകയും, പഞ്ചായത്ത് സമിതികൾ രൂപരേഖ തയ്യാറാക്കിയ പദ്ധതികൾ അംഗീകരിക്കുകയും കൂടാതെ മറ്റു വിദഗ്ധന്മാരിൽ നിന്നുള്ള ആശയങ്ങൾ പരിഗണിച്ചുമാണ് വാർഷിക പദ്ധതി തയ്യാറാക്കിയിരിക്കുന്നത്.**

**പഞ്ചായത്ത് വാർഷിക പദ്ധതിയുടെ പ്രധാന പ്രവർത്തനമേഖലകളായ അടിസ്ഥാനസൗകര്യ വികസനം (റോഡ്, കുടിവെള്ളം, മുതലായവ), കാർഷികം, വിദ്യാഭ്യാസം, ആരോഗ്യം, പട്ടികജാതി വികസനം, വയോജന സംരക്ഷണം തുടങ്ങിയ മേഖലകളിൽ ഫലപ്രദമായി ഫണ്ട് വിനിയോഗിക്കാൻ പുതിയ വാർഷിക പദ്ധതിയിലൂടെ ശ്രദ്ധിക്കുന്നു.**

**ഗ്രാമപഞ്ചായത്ത് സുസ്ഥിര ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി ശിശു സംരക്ഷണം വയോജന സൗഹൃദം, യുവജനക്ഷേമം, വനിതാ സംരക്ഷണം, ഭിന്നശേഷി സൗഹൃദം എന്നീ ആശയങ്ങളെ അടിസ്ഥാനമാക്കിയാണ് 2026–2027 വാർഷിക പദ്ധതി ആവിഷ്കരിക്കുന്നത്.**

**നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ സമഗ്രഹവും സുസ്ഥിരവുമായ വികസനത്തിനായി ജാതി, മത, വർണ്ണ, വർഗ്ഗ, ലിംഗ ഭേദമന്യേ ഒരേ മനസ്സോടെ നമുക്ക് ഒരുമിച്ച് മുന്നേറാം**

സസ്നേഹം,

(ഒപ്പ്)

ജിനോക്കി എഡ്വേർഡ്

പ്രസിഡന്റ്

ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്ത്

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| ഗ്രാമപഞ്ചായത്തിന്റെ പേര് | – | ആദിച്ചനല്ലൂർ |
| വിസ്തീർണ്ണം | – | 19.85 ച.കി.മീ |
| വാർഡുകൾ | – | 21 |
| ഉൾപ്പെടുന്ന വില്ലേജ് | – | ആദിച്ചനല്ലൂർ, തഴുത്തല, മയ്യനാട് |
| താലൂക്ക് | – | കൊല്ലം |
| ജില്ല | – | കൊല്ലം |
| ബ്ലോക്ക് പഞ്ചായത്ത് | – | ഇത്തിക്കര |
| ജില്ലാ പഞ്ചായത്ത് | – | കൊല്ലം |
| അസംബ്ളി മണ്ഡലം | – | ചാത്തന്നൂർ |
| പാർലമെന്റ് മണ്ഡലം | – | കൊല്ലം |

## അതിരുകൾ

| | | |
|---|---|---|
| വടക്ക് | – | തൃക്കോവിൽവട്ടം , നെടുമ്പന ഗ്രാപഞ്ചായത്ത് |
| കിഴക്ക് | – | പൂയപ്പള്ളി ഗ്രാമപഞ്ചായത്ത് |
| തെക്ക് | – | ഇത്തിക്കര ആറ് |
| പടിഞ്ഞാറ് | – | മയ്യനാട് ഗ്രാമപഞ്ചായത്ത് |

## ജനസംഖ്യ

| | | |
|---|---|---|
| 2011 ലെ സെൻസൻസ് പ്രകാരം | – | 34239 |
| പുരുഷന്മാൻ | – | 15896 |
| സ്ത്രീകൾ | – | 18343 |
| പട്ടികജാതി ജനസംഖ്യ | – | 6897 |

# ഗ്രാമപഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ

| | | |
|---|---|---|
| 1. ജിനോക്കി എഡ്വേർഡ് | : പ്രസിഡന്റ് | വാർഡ് 15 |
| 2. സരസ്വതി.ജെ | : വൈസ് പ്രസിഡന്റ് | വാർഡ് 20 |
| 3. സുധാഭായി .വി | : സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ (വികസനം) | വാർഡ് 7 |
| 4. ലതിക. എൽ | : സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ (ക്ഷേമകാര്യം) | വാർഡ് 10 |
| 5. ആർ. സാജൻ | : സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ (ആരോഗ്യവും വിദ്യാഭ്യാസവും) | വാർഡ് 19 |
| 6. രോഹിണി ദിലീപ് | : ഗ്രാമപഞ്ചായത്ത് അംഗം | വാർഡ് 1 |
| 7. ബിജി . ഒ.എസ് | : ഗ്രാമപഞ്ചായത്ത് അംഗം | വാർഡ് 2 |
| 8. ബിന്ദു.വി | : ഗ്രാമപഞ്ചായത്ത് അംഗം | വാർഡ് 3 |
| 9. ബിനോയി. റ്റി.എസ് | : ഗ്രാമപഞ്ചായത്ത് അംഗം | വാർഡ് 4 |
| 10. മിനി.കെ. എസ് | : ഗ്രാമപഞ്ചായത്ത് അംഗം | വാർഡ് 5 |
| 11. നിസാർ. എ | : ഗ്രാമപഞ്ചായത്ത് അംഗം | വാർഡ് 6 |
| 12. ഷാജി. എൽ | : ഗ്രാമപഞ്ചായത്ത് അംഗം | വാർഡ് 8 |
| 13. ഷീജ.ജെ.എൽ | : ഗ്രാമപഞ്ചായത്ത് അംഗം | വാർഡ് 9 |
| 14. ശ്രീലാൽ .എസ് | : ഗ്രാമപഞ്ചായത്ത് അംഗം | വാർഡ് 11 |
| 15. രഘുനാൻ പിള്ള | : ഗ്രാമപഞ്ചായത്ത് അംഗം | വാർഡ് 12 |
| 16. ഷിജില . ജെ. എസ് | : ഗ്രാമപഞ്ചായത്ത് അംഗം | വാർഡ് 13 |
| 17. സന്ധ്യാകുമാരി . എ | : ഗ്രാമപഞ്ചായത്ത് അംഗം | വാർഡ് 14 |
| 18.തസ്ബീന. എ. ആർ | : ഗ്രാമപഞ്ചായത്ത് അംഗം | വാർഡ് 16 |
| 19. ആർ .കലജാദേവി | : ഗ്രാമപഞ്ചായത്ത് അംഗം | വാർഡ് 17 |
| 20. രൂപേഷ്കുമാർ. ആർ.ബി | : ഗ്രാമപഞ്ചായത്ത് അംഗം | വാർഡ് 18 |
| 21 . അജ്മീർഖാൻ. എ | : ഗ്രാമപഞ്ചായത്ത് അംഗം | വാർഡ് 21 |

സെക്രട്ടറി & പ്ലാൻ കോ– ഓർഡിനേറ്റർ : ഫ്ളോസി ലാസ് എസ്സ്

അസിസ്റ്റന്റ് സെക്രട്ടറി &അസിസ്റ്റന്റ് പ്ലാൻ കോ– ഓർഡിനേറ്റർ : വേണുഗോപാൽ. കെ.എൽ

# തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ

| | |
|---|---|
| ലോകസഭാംഗം | : എൻ.കെ .പ്രേമചന്ദ്രൻ |
| നിയമസഭാംഗം | : ജി. എസ് ജയലാൽ |
| ജില്ലാ പഞ്ചായത്ത് അംഗങ്ങൾ | : അഡ്വ. ദിലീപ് കുമാർ |
| | ഫൈസൽ , കുളപ്പാടം |
| ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ | : അഡ്വ. കെ ജയൻ |
| | മനില . എൻ.സി |
| | ശ്രീലാൽ ചിറയത്ത് |
| | ബിജി സി. |

# ആസൂത്രണസമിതി അംഗങ്ങൾ

| | | |
|---|---|---|
| 1. | ജിനോക്കി എഡ്വേർഡ് (പ്രസിഡന്റ്) | അദ്ധ്യക്ഷൻ |
| 2. | എം.എസ് ശശിധരൻ പിള്ള | ഉപാദ്ധ്യക്ഷൻ |
| 3. | ഫ്ളോസി ലാസ് എസ്സ് (സെക്രട്ടറി ) | കൺവീനർ |
| 4. | എൻ അജയകുമാർ | അംഗം |
| 5. | കെ.നാസറുദ്ദീൻ | അംഗം |
| 6. | എൻ. സുരേഷ് | അംഗം |
| 7. | ലീല ശ്രീനിവാസൻ | അംഗം |
| 8. | എം. സുഭാഷ് | അംഗം |
| 9. | ദീപു | അംഗം |
| 10. | എം.എസ് മധുകുമാർ | അംഗം |
| 11. | ഗോപകുമാർ | അംഗം |
| 12. | സജികുമാർ | അംഗം |
| 13. | ലീന സുരേഷ് | അംഗം |
| 14. | ഷീല ബിനു | അംഗം |
| 15. | സജി സാമുവൽ | അംഗം |
| 16. | പ്ലാക്കാട്, ടിങ്കു | അംഗം |
| 17. | രാജേഷ് കുമാർ , പി.ജി | അംഗം |
| 18. | ശ്യാം പ്രവീൺ | അംഗം |
| 19. | പ്രേം സിംഗ് | അംഗം |
| 20. | രഞ്ചിത്ത് എ എസ് | അംഗം |

## നിർവ്വഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| 1. | ഫ്ളോസി ലാസ് എസ്സ് | സെക്രട്ടറി |
| 2. | വേണുഗോപാൽ കെ എൽ | അസിസ്റ്റന്റ് സെക്രട്ടറി |
| 3. | സിനി ബി എസ്സ് | അസിസ്റ്റന്റ് എഞ്ചിനീയർ |
| 4. | മീനു ജി | കൃഷി ഓഫീസർ |
| 5. | ജിത വിജയ് | മെഡിക്കൽ ഓഫീസർ |
| 6. | സഹ്ല കെ ആർ | ആയുർവ്വേദ മെഡിക്കൽ ഓഫീസർ |
| 7. | അശ്വതി | ഹോമിയോ മെഡിക്കൽ ഓഫീസർ |
| 8. | നന്ദു | വെറ്ററിനറി സർജൻ |
| 9. | ഷീജ | ഹെഡ്മിസ്ട്രസ്സ് |
| 10. | ദിവ്യ | ഡയറി ഫാം ഇൻസ്ട്രക്ടർ |
| 11. | ജൂബി ജേക്കബ് | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് |
| 12. | ഷീബ | ഐ സി ഡി എസ് സൂപ്പർവൈസർ |
| 13. | അജയകുമാർ എ എസ് | വില്ലേജ് എക്സറ്റൻഷൻ ഓഫീസർ |
| 14. | ഷബാന | വില്ലേജ് എക്സറ്റൻഷൻ ഓഫീസർ |
| 15. | ജിഷ്ണു | വില്ലേജ് എക്സറ്റൻഷൻ ഓഫീസർ |

## ഗ്രാമപഞ്ചായത്ത് ജീവനക്കാർ

| | | |
|---|---|---|
| 1. | ഫ്ളോസി ലാസ് എസ്സ് | സെക്രട്ടറി |
| 2. | വേണുഗോപാൽ കെ എൽ | അസിസ്റ്റന്റ് സെക്രട്ടറി |
| 3. | സുരേഷ് കുമാർ | ജൂനിയർ സൂപ്രണ്ട് |
| 4. | ബിന്ദു എ എസ് | അക്കൗണ്ടന്റ് |
| 5. | രാജേഷ്കുമാർ എസ്സ് | സീനിയർ ക്ലർക്ക് |
| 6. | ആരതി. എ. വി | സീനിയർ ക്ലർക്ക് |
| 7. | സംഗീത. ആർ.ജി | സീനിയർ ക്ലർക്ക് |
| 8. | ജിയോ ബി | സീനിയർ ക്ലർക്ക് |
| 9. | സമീന എ | സീനിയർ ക്ലർക്ക് |
| 10. | വിഷ്ണു എ | ക്ലർക്ക് |
| 11. | ജിക്കിമോൾ വി | ക്ലർക്ക് |
| 12. | ദിൽജിത്ത് .ആർ | ക്ലർക്ക് |
| 13. | സ്വബീഹ | ക്ലർക്ക് |
| 14. | അരുണ നുജും | ഓഫീസ് അറ്റന്റന്റ് |
| 15. | അപർണ്ണ. പി | ഓഫീസ് അറ്റന്റന്റ് |
| 16. | ബെൻ ബേസിൽ | ഡ്രൈവർ |
| 17. | അനിജ റ്റി ജി | എച്ച് ഐ |
| 18. | ജയകൃഷ്ണൻ ആർ | ടെക്നിക്കൽ അസിസ്റ്റന്റ് |
| 19. | അർച്ചന ബി | പ്രോജക്ട് അസിസ്റ്റന്റ് |
| 20. | കൊച്ചുത്രേസ്യ എൽ | എഫ് റ്റി എസ് |
| 21. | പ്രദീപ്കുമാർ സി | എഫ് റ്റി എസ് |
| 22. | ദീപ സി | എഫ് റ്റി എസ് |
| 23. | പൊടിയമ്മ | എഫ് റ്റി എസ് |
| 24. | കവിത എസ്സ് | മെസഞ്ചർ കം ഡി ഇ ഒ |
| 25. | കലാദേവി ആർ | പ്രേരക് |

## എം ജി എൻ ആർ ഇ ജി എസ് ജീവനക്കാർ

| | |
|---|---|
| 1. ഹണി മോഹൻ | അക്രഡിറ്റഡ് എഞ്ചിനീയർ |
| 2. ഷീന സ്റ്റാൻലി | അക്രഡിറ്റഡ് ഓവർസിയർ |
| 3. വസന്ത | അക്കൗണ്ടന്റ് കം ഐ ടി അസിസ്റ്റന്റ് |
| 4. റീന എം ആർ | അക്കൗണ്ടന്റ് കം ഐ ടി അസിസ്റ്റന്റ് |
| 5. പാർവ്വതി എസ് എ | അക്കൗണ്ടന്റ് കം ഐ ടി അസിസ്റ്റന്റ് |

## എൽ ഐ ഡി & ഇ ഡബ്ല്യൂ ജീവനക്കാർ

| | |
|---|---|
| 1. സിനി ബി എസ്സ് | അസിസ്റ്റന്റ് എഞ്ചിനീയർ |
| 2. ജിഷ | ഓവർസിയർ |
| 3. സഞ്ജയ് | ഓവർസിയർ |

## വി ഇ ഒ ഓഫീസ്

| | |
|---|---|
| 1. അജയകുമാർ എ എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 2. ഷബാന | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 3. ജിഷ്ണു | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |

## കുടുംബശ്രീ ഓഫീസ്

| | |
|---|---|
| 1. വിക്ടോറിയ | ചെയർപേഴ്സൺ |
| 2. സജില മോൾ | വൈസ് ചെയർപേഴ്സൺ |
| 3. ശാരി | അക്കൗണ്ടന്റ് |

## വ്യവസായ വകുപ്പ് ഇന്റേൺ

**സിജി ചാക്കോ**

# സാമൂഹിക സാംസ്കാരിക ചരിത്രം

അത്യുൽകൃഷ്ടമായ ഒരു സാംസ്കാരിക പാരമ്പര്യത്തിൻറെ പ്രകാശം ചൊരിയുന്ന ചാരുതയാർന്ന ഗ്രാമം. നാടുവഴി പ്രഭുക്കൻമാരുടേയും മാടമ്പിമാരുടേയും അധികാരത്തിൽ നിന്നും മോചനം നേടിയ ചരിത്രം നിറഞ്ഞു നിൽക്കുന്ന ഐതിഹ്യങ്ങൾ ഈ നാട്ടിലെ സാംസ്കാരിക പൈതൃകത്തെ ഉദ്ദീപ്തമാകുന്നു. കായിക ശേഷികൊണ്ട് വീരപരാക്രമങ്ങൾ കാട്ടി, ജനങ്ങളിൽ ഭയവും അത്ഭുതവും ജനിപ്പിച്ച ആദിച്ചൻറെ നല്ല ഊരാണ് ആദിച്ചനല്ലൂർ എന്ന് പഴമക്കാർ പറയുന്നു. കർമ്മ സാക്ഷി യായ ആദിത്യൻറെ തങ്കകിരണങ്ങളേറ്റ് നിത്യഹരിതകഞ്ചുകമണിയുന്ന ഈകൊച്ചുഗ്രാമം ശ്രേയസ്സും ഐശ്വര്യവും നിറഞ്ഞ നല്ല ഊരാണ്. അതി പ്രാചീന കാവ്യമായ ഉണ്ണുനീലി സന്ദേശത്തിൽ ഈ ഗ്രാമത്തിന് പൊന്നരിഞ്ഞാൺ ചാർത്തിയൊഴുകുന്ന ഇത്തിക്കരയാറിനേയും നദീതീരത്ത് സ്ഥിതി ചെയ്യുന്ന പെരുമാൾ കുടികൊള്ളുന്ന അതി പുരാതന ക്ഷേത്രത്തേയും പറ്റി പരാമർശിക്കുന്നുവെന്നത് ഇന്നാട്ടിൻറെ പ്രസിദ്ധമായി വിളംബരം ചെയ്യുന്നു.

ഐക്യദാർഢ്യമുള്ള ജനത, കൃഷി തൊഴിലായി സ്വീകരിച്ച അടിസ്ഥാന വർഗ്ഗം, സ്വതന്ത്ര്യാഭിവാഞ്ഛ ആത്മാവിൽ ഉൾക്കൊണ്ട ജനസംസ്കൃതി, അനുസ്യൂതമായ കാലപ്രവാഹത്തിലൂടെ ആർജ്ജിച്ച ചരിത്രാവബോധം എന്നിവ ഈ ഗ്രാമീണജനതയുടെ സാംസ്കാരികാവബോധത്തെ സമ്പന്നമാക്കുന്നു. ഹിന്ദുക്കളും ക്രൈസ്തവരും മുസ്ലീങ്ങളും ഇടകലർന്ന് ജീവിക്കുന്ന ഈ ഗ്രാമത്തിൽ വർഗ്ഗീയസംഘട്ടനങ്ങൾ ഉണ്ടായിട്ടേയില്ല. ഹൈന്ദവ ദേവാലയങ്ങളിലെ ഉത്സവാദി ആഘോഷങ്ങൾ സർവ്വമതസ്ഥരുടേയും കൂട്ടായ പങ്കാളിത്തോടും നടത്തി വരുന്നത് ഉന്നതമായ സാംസ്കാരിക മൈത്രിക്കും സാംസ്കാരികമികവിനും ഉത്തമദർശനമാണ്. ജനാധിപത്യ ഭരണസംവിധാനം നിലവിൽ വന്നപ്പോൾ തിരുവാതാംകൂറിലെ ആദ്യത്തെ നിയമനിർമ്മാണസഭയിൽ അംഗമായിരുന്ന ശ്രി.പി. കുഞ്ഞുകൃഷ്ണൻ ഈ നാടിൻറെ അഭിമാനമാണ്. 1951 വരെ അദ്ദേഹം പ്രജാസഭാംഗമായിരുന്നു. ശ്രിമൂലം തിരുന്നാളിൻറെ കാലത്ത് തിരുവിതാംകൂറിൽ അനുവദിച്ച 16 മലയാളം സ്കൂളുകളിൽ ഒന്ന് ആദിച്ചനല്ലൂരായിരുന്നു. ഇന്നത്തെ ആദിച്ചനല്ലൂർ ഗവ.യു.പി.എസ്. ആ വിദ്യാലയത്തിലെ പ്രാഥമാദ്ധ്യാപകനായിരുന്ന ചെമ്പകത്തോപ്പിൽ ശ്രി. കേശവൻപിള്ള, കോയിലഴികത്ത് ശ്രി, കുഞ്ഞാണ്ടി എന്നിവർ സാംസ്കാരികരംഗം വിപുലമാക്കി ആധുനിക മലയാളകാവ്യരംഗത്ത് കനപ്പെട്ടസംഭാവനകൾ നൽകി.

കിഴക്ക് കട്ടച്ചൽ മുതൽ പടിഞ്ഞാറ് പത്തായകോടിവരെ നീണ്ടുകിടക്കുന്ന ഇത്തിക്കരയാറിൻറെ സാമീപ്യവും പഞ്ചായത്തിൻറെ മദ്ധ്യഭാഗത്ത് ഇത്തിക്കര പ്രദേശത്ത് വന്നുചേരുന്ന പോഷകനദിയായപള്ളിമൺ ആറിൻറെ ജലസമ്പന്നതയും നദികളുടെ കരപ്രദേശങ്ങളുടെ ഫലഫൂഷ്ടതയും നെൽകൃഷിയുടേയും സമ്പൽസമൃദ്ധമായ വളർച്ചയ്ക്ക് പ്രകൃതികനിഞ്ഞുനൽകിയ വരദാനങ്ങളാണ്.

## അദ്ധ്യായം 1

# തദ്ദേശഭരണസ്ഥാപനത്തിന്റെ വിശകലനസ്ഥിതി

# അവസ്ഥാവിശകലനം

വിവിധ ആസൂത്രണ സമിതി അംഗങ്ങൾ, വിഷയ വിദഗ്ദ്ധർ, നാനാതരത്തിൽപ്പെട്ട ഗ്രാമസഭാംഗങ്ങൾ തുടങ്ങിയവരുടെ സഹകരണവും പങ്കാളിത്തവും ഉറപ്പുവരുത്തിയാണ് ഗ്രാമപഞ്ചായത്ത് പതിനാലാം പഞ്ചവത്സര പദ്ധതിയുടെ പദ്ധതിരേഖ തയ്യാറാക്കിയിട്ടുള്ളത്. പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരവും സർക്കാർ നിർദ്ദേശാനുസരണവും മേഖലാടിസ്ഥാനത്തിൽ അനിവാര്യ വകയിരുത്തലുകൾ നടത്തി, കാർഷിക ഉൽപാദന മേഖലയ്ക്ക് മുൻതൂക്കം നൽകിയാണ് 14–ാം പഞ്ചവത്സര പദ്ധതിയിലെ 5–ാം വാർഷിക പദ്ധതി തയ്യാറാക്കിയിരിക്കുന്നത്.

തികച്ചും ഒരു കാർഷിക ഗ്രാമമായ പഞ്ചായത്തിന്റെ മുഖ്യസാമ്പത്തിക മേഖല കാർഷിക രംഗം തന്നെയാണ്. പ്രധാന കൃഷി തെങ്ങും നെല്ലും ആണെങ്കിലും ഇടവിളയായി കുരുമുളക്, കിഴങ്ങ് വർഗ്ഗങ്ങൾ, ധാന്യവിളകൾ, ഫലവർഗ്ഗങ്ങൾ, പച്ചക്കറികൾ എന്നിവയും കൃഷി ചെയ്തു വരുന്നു. പുരയിട കൃഷിയുടെ 85% തെങ്ങുകൃഷിക്കാണ് ഉപയോഗിക്കുന്നത്. പഞ്ചായത്തിലെ പ്രധാന വ്യവസായങ്ങൾ കശുവണ്ടി, ഇഷ്ടിക നിർമ്മാണം, കൈത്തറി എന്നിവയാണ്. കശുവണ്ടി വ്യവസായത്തിൽ ഏകദേശം 2000 ത്തോളം സ്ത്രീ തൊഴിലാളികൾ ജോലി ചെയ്യുന്നു. ഈ മേഖലയിൽ 85% വും സ്ത്രീ തൊഴിലാളികളാണ്. കുടുംബശ്രീയിൽ 200 ൽപ്പരം അയൽക്കൂട്ടങ്ങളിലെ അംഗങ്ങൾ സ്വയംതൊഴിൽ സംരംഭങ്ങളിൽ ഏർപ്പെട്ട് ഉപജീവന മാർഗ്ഗം നയിക്കുന്നു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെ 2000 ത്തിന് മേൽ കുടബാംഗങ്ങൾ തൊഴിൽ കണ്ടെത്തുന്നു.

## ഉത്പാദനവും ഉത്പാദനക്ഷമതയും ഉല്പാദന മടുപ്പും

പഞ്ചായത്തിലെ പ്രധാന വ്യവസായങ്ങളായിരുന്ന ഇഷ്ടിക, ഓട് നിർമ്മാണത്തിനു വേണ്ടിയുള്ള അശാസ്ത്രീയമായ ചെളിയെടുപ്പ് മൂലവും കൃഷികൾക്കും കെട്ടിടനിർമ്മാണത്തിനും വേണ്ടി നിലം നികത്തിയതുമൂലവും 471 ഹെക്ടർ നിലമായിരുന്ന പ്രദേശം ഇപ്പോൾ 70 ഹെക്ടറായി ചുരുങ്ങിയിരിക്കുന്നു. പഞ്ചായത്തിലാകെ കട്ടച്ചൽ, കുമ്മല്ലൂർ, കരിക്കോട് കൈതക്കുഴി, ആദിച്ചനല്ലൂർ, പാങ്ങാട്ട്, പ്ലാക്കാട്, തഴുത്തല എന്നിങ്ങനെ 8 പാടശേഖരങ്ങളാണ് ഉള്ളത്. മതിയായ ജലസേചന സൗകര്യം ഇല്ലാത്തതുമൂലം പ്രധാനമായും മഴയെ ആശ്രയിച്ചാണ് ഈ പാടശേഖരങ്ങളിൽ കൃഷിയിറക്കാറുള്ളത് . ഇതു മൂലം കർഷകർക്ക് കൃഷിയിൽ നിന്നും കാര്യമായ നേട്ടം ലഭിക്കുന്നില്ല. തൊഴിലാളികളുടെ ദൗർലഭ്യവും വളത്തിന്റെയും വിത്തിന്റെയും വർദ്ധിച്ച വിലയും കൂടിയാകുമ്പോൾ സ്ഥിതി ദയനീയമാകുന്നു. തെങ്ങിനെ ബാധിച്ചിരിക്കുന്ന മാരകരോഗമായ കാറ്റു വീഴ്ചയും കൂമ്പുചീയൽ പോലുള്ള രോഗങ്ങളും മണ്ഢരി ബാധയും നാളികേരത്തിന്റെ വിലയിടിവും കേരകർഷകരെ ദരിദ്രരാക്കിയിരിക്കുന്നു. വൻ നഷ്ടമായ നാളികേരകൃഷി ഉപേക്ഷിച്ച്

പഞ്ചായത്തിന്റെ കിഴക്കൻ മേഖലയിലുള്ളവർ ഇപ്പോൾ റബ്ബർ കൃഷിയിലേക്ക് തിരിഞ്ഞതെങ്കിലും വില തകർച്ച മൂലം ഈ മേഖലയിലും പ്രതിസന്ധിയിലാണ്. പൊതുവേ കാർഷിക മേഖല ഒരു തരം സ്തംഭനാവസ്ഥയിലാണ്. കാർഷികോല്പന്നങ്ങളുടെ വിപണന സൗകര്യത്തിനുള്ള സാഹചര്യം ഇല്ലാത്തതും മെച്ചപ്പെട്ട വിളവ് ലഭിക്കുന്ന വിത്തിനങ്ങളുടെ ലഭ്യത കുറവും ശാസ്ത്രീയ കൃഷി രീതികളെ പറ്റിയുള്ള അജ്ഞതയും നിലം കൃഷിയെന്നതുപോലെ കരകൃഷിയിലും പ്രശ്നങ്ങൾ ഉണ്ടാക്കിയിരിക്കുന്നു. കാർഷിക രംഗത്തായിട്ടുള്ള വമ്പിച്ച പുരോഗതി മനസിലാക്കി നവീനയന്ത്രങ്ങൾ പ്രയോജനപ്പെടുത്താത്തതും കൃഷി ചെയ്യുന്നതിൽ കർഷകർക്കുണ്ടായിരുന്ന ഐക്യമത്യം നഷ്ടപ്പെട്ടതും പഞ്ചായത്തിലെ എല്ലാത്തരം കൃഷികളെയും സാരമായി ബാധിച്ച ഘടകങ്ങളാണ്.

## ഹരിതകേരളം പദ്ധതി

പഞ്ചായത്തിന്റെ വികസനവും സുസ്ഥിരതയും ഉറപ്പാക്കാനായി ബഹു. സർക്കാർ പ്രഖ്യാപിച്ച് നാല് മിഷനുകളിൽ ഒന്നാണ് ഹരിത കേരള മിഷൻ. ജലസംരക്ഷണം, മാലിന്യ സംസ്ക്കരണം, ശുചിത്വം, കൃഷി വികസനം എന്നിവ ഇതിന്റെ ഉപദൗത്യങ്ങളാണ്. മഴവെള്ള സംരക്ഷണത്തിലൂടെ ഭൂഗർഭജല പരിപോഷണം ഉറപ്പാക്കുക എന്നതാണ് ഈ ദൗത്യത്തിലൂടെ പഞ്ചായത്ത് ലക്ഷ്യമിടുന്നത്. ആയതിലേക്ക് പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള നീരുറവകൾ, തോടുകൾ, ജലാശയങ്ങൾ എന്നിവയുടെ സ്വാഭാവികത നിലനിർത്തി സംരക്ഷിക്കുന്നതിന് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ വിവിധ പ്രവർത്തികൾ രൂപീകരിച്ച് നടപ്പിലാക്കിവരുന്നു. കൂടാതെ കിണർ റീചാർജിംഗ് പദ്ധതിയും നടപ്പിലാക്കുവാൻ തീരുമാനിച്ചിരിക്കുന്നു.

## വിദ്യാഭ്യാസ സംരക്ഷണ യജ്ഞം

നിർബന്ധവും സൗജന്യവുമായ വിദ്യാഭ്യാസം നമ്മുടെ ഭരണഘടന ഉറപ്പു തരുന്ന ഒന്നാണ്. സ്വകാര്യ മേഖലയിലും സർക്കാർ മേഖലയിലുമായി ആകെ പത്ത് സ്ക്കൂളുകൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. കൊല്ലം ജില്ലയിലെ തന്നെ പ്രമുഖ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനമായ ശ്രീനാരായണ പോളിടെക്നിക്കും പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഒരു ഹൈസ്ക്കുളും ഒരു യു.പി.എസ് സ്ക്കുളും പഞ്ചായത്ത് അതിർത്തിയിൽ പ്രവർത്തിക്കുന്നു. ഭൗതിക സാഹചര്യങ്ങളുടെ കുറവ് സ്ക്കൂളിലെ പഠന നിലവാരത്തെയും ബാധിക്കുന്നു. വിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് പദ്ധതികൾ വിഭാവനം ചെയ്ത് ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. പതിനാലാം പഞ്ചവൽസര പദ്ധതിയുടെ ആരംഭത്തിൽ തന്നെ പൊതുവിദ്യാലയങ്ങളിലെ വിദ്യാർത്ഥികളുടെ എണ്ണത്തിലും വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരത്തിലും പ്രകടമായ മാറ്റം കണാൻ കഴിഞ്ഞു. കുട്ടികളുടെ ശാരീരികവും മാനസികവുമായ ശേഷി വർദ്ധിപ്പിക്കുന്നതിനും, യോഗപരിശീലനം, കായിക പരിശീലനം എന്നിവ സംഘടിപ്പിക്കുന്നു. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി പ്രീപ്രൈമറി വിദ്യാഭ്യാസം ലക്ഷ്യമാക്കി 34 അംഗനവാടികൾ പ്രവർത്തിക്കുന്നു. അംഗനവാടികൾ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നതിനായി സ്ഥലം വാങ്ങുന്നതിനും കെട്ടിടം നിർമ്മിക്കുന്നതിനും പദ്ധതി വിഭാവനം ചെയ്തു നടപ്പിലാക്കിവരുന്നു. കൂടാതെ മാനസിക വൈകല്യമുള്ള 18 നും 35 നും മദ്ധ്യേ പ്രായമുള്ളവരെ കണ്ടെത്തി സ്വാശ്രയജീവിതം നയിക്കുന്നതിന് പ്രാപ്തമാക്കുക എന്ന ലക്ഷ്യത്തോടെ പൂർണ്ണ സൗകര്യമുള്ള ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ

(സ്നേഹസ്പർശം) പ്രവർത്തനം നടന്നുവരുന്നു. ഇത്തരക്കാർക്ക് മരുന്നും, ഭക്ഷണവും, വാഹന സൗകര്യവും പഞ്ചായത്ത് ഉറപ്പുവരുത്തുന്നു.

## കുടിവെള്ളം

വേനൽക്കാലത്തെ കുടിവെള്ള ക്ഷാമം എന്നും ഗ്രാമപഞ്ചായത്ത് നേരിടുന്ന വെല്ലുവിളിയാണ്. വേനൽക്കാലത്ത് പഞ്ചായത്തിന്റെ 1,2,3, വാർഡുകളും 11 മുതൽ 19 വരെ വാർഡുകളും അതിരൂക്ഷമായ കുടിവെള്ള ദൗർലഭ്യം നേരിട്ടിരുന്നത് ജലജീവൻ മിഷൻ പദ്ധതി പൂർത്തിയായതുവഴി പരിഹരിക്കപ്പെട്ടെങ്കിലും, വേനൽക്കാലത്ത് കേരള വാട്ടർ അതോറിറ്റിയുടെ/ജലജീവൻ മിഷൻ പൈപ്പ് ലൈനുകൾ തകരാറിലാകുന്ന വേളയിൽ കുടിവെള്ളക്ഷാമം പല വാർഡുകളെയും ദുരിതത്തിലാക്കുന്നു. പഞ്ചായത്തിലെ കുടിവെള്ള വിതരണം ലക്ഷ്യമാക്കി രൂപപ്പെടുത്തിയ കട്ടച്ചൽ ശുദ്ധജല വിതരണ പദ്ധതി തെല്ലൊരു ആശ്വാസം പകരുന്നു. ആറ്റിൽ നിന്നും ലഭിക്കുന്ന വെള്ളം സമീപ പഞ്ചായത്തായ ചാത്തന്നൂർ പഞ്ചായത്തിലേക്കാണ് പ്രധാനമായും പോകുന്നത്. തഴുത്തല മണ്ണാംതോടിനു സമീപമുള്ള കുഴൽകിണറിലെ ജലം പ്രയോജനപ്പെടുത്തിയുള്ള തഴുത്തല കുഴൽകിണർ ജലപദ്ധതി കൊണ്ട് ആ പ്രദേശത്തെ 25% ജനങ്ങളുടെ ആവശ്യം പോലും നിറവേറ്റാൻ കഴിയുന്നില്ല. വേനൽക്കാലത്ത് ആ പ്രദേശത്തെ 90% കിണറുകളും വറ്റുന്നവയാണ്. ഈ പ്രദേശത്ത് കിണർ കുഴിക്കുന്നതിന് 1.5 ലക്ഷം രൂപയോളം ചെലവാകും. ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ നടപ്പാക്കിയ ചൂരൽപൊയ്ക ശുദ്ധജല വിതരണ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായെങ്കിലും ഇതിന്റെ പ്രയോജനം പരിസര പഞ്ചായത്തുകൾക്കാണ് കൂടുതലും ലഭിക്കുന്നത്. പഞ്ചായത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി വാർഡുതല ശുദ്ധജല വിതരണ പദ്ധതികൾക്ക് പ്രാധാന്യം നൽകികൊണ്ട് ആരംഭിച്ച സെക്ടർ റീഫോംസ് സ്വജൽധാര കുടിവെള്ള പദ്ധതിയിലൂടെ വിവിധ വാർഡുകളിലെ 400 ഓളം കുടുംബങ്ങളുടെ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ കഴിഞ്ഞു എന്നത് വലിയ ആശ്വാസമാണ് . കൂടാതെ ഹരിതകേരള മിഷന്റെ ഭാഗമായി ജല സംരക്ഷണ പ്രവൃത്തികൾ ജല വിഭവ വകുപ്പ് മുഖേന ആരംഭിച്ചിട്ടുണ്ട്. ജല സംരക്ഷണ പ്രവൃത്തിയുടെ ഭാഗമായി തടയണ നിർമ്മാണം, കിണർ റീചാർജ്ജിംഗ് എന്നീപ്രവർത്തികളും നടന്നു വരുന്നു. കൂടാതെ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ വിവിധ പ്രവർത്തികൾ മൂലം ജലദൗർലഭ്യം ഒരു പരിധി വരെ പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ജലജീവൻമിഷന്റെ പ്രവർത്തനം പൂർത്തീകരിച്ചിട്ടുണ്ട്. ജലജീവൻമിഷൻ മുഖാന്തിരം നിലവിൽ 100% കുടുംബങ്ങൾക്കും ഗാർഹിക കുടിവെള്ള കണക്ഷൻ ലഭ്യമായിട്ടുണ്ട്.

## ആർദ്രം പദ്ധതി

ആരോഗ്യരംഗത്ത് സർക്കാർ മേഖലയിൽ പ്രധാനമായുള്ള ആതുരാലയം മൈലക്കാട്ടുള്ള പ്രാഥമിക ആരോഗ്യകേന്ദ്രമാണ്. മതിയായ ജീവനക്കാരുടെ ദൗർലഭ്യവും, രോഗികളെ കിടത്തി ചികിൽസിക്കുന്നതിനുള്ള സൗകര്യം ഇല്ലാത്തതും മൂലം സാധാരണ രോഗികൾക്ക് ഇതിന്റെ സേവനം പരമാവധി പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല. നിലവിൽ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി പ്രവർത്തിച്ചുവരുന്ന ഹോമിയോ, അലോപ്പതി ഡിസ്പെൻസറികൾ എല്ലാ ഭാഗങ്ങളിൽ നിന്നും വരുന്ന രോഗികൾക്ക് എത്തിച്ചേരാൻ കഴിയും വിധമാണ് സ്ഥാപിച്ചിരിക്കുന്നത്. പഞ്ചായത്തിലെ പ്രധാന

ജംഗ്ഷനായ കൊട്ടിയത്തിനു സമീപമുള്ള പബ്ലിക് മാർക്കറ്റിൽ കുന്നുകൂടുന്ന മാലിന്യങ്ങൾ ഗുരുതരമായ ആരോഗ്യ ഭീഷണി സൃഷ്ടിക്കുന്നു. മാർക്കറ്റിലേയും കൊട്ടിയം ജംഗ്ഷനിലേയും മാലിന്യ പ്രശ്നം പരിഹരിക്കാൻ മാർക്കറ്റിൽ സ്ഥാപിച്ച ബയോഗ്യാസ് പ്ലാന്റ് അറ്റകുറ്റപണി നടത്തി പ്രവർത്തനക്ഷമമാക്കാൻ നടപടി ആരംഭിച്ചു. വ്യക്തി ശുചിത്വത്തിന്റെയും പരിസര ശുചിത്വത്തിന്റെയും പ്രാധാന്യം ജനങ്ങളെ മനസ്സിലാക്കാൻ വ്യാപകമായ രീതിയിലുള്ള ബോധവൽക്കരണം ആവശ്യമായിരിക്കുന്നു. തുമ്പൂർ മുഴി മോഡൽ മാലിന്യസംസ്ക്കരണ പദ്ധതി നടപ്പിലാക്കിവരുന്നു. ഹരിത കർമ്മസേനയുടെ പ്രവർത്തനം പ്രശംസനീയമാണ്. പ്ലാസ്റ്റിക്ക് വേസ്റ്റ് മാനേജ്മെന്റ് ബൈലോ, ഖരമാലിന്യ നിർമ്മാർജ്ജന ബൈലോ, എന്നിവ പ്രസിദ്ധീകരിച്ച് നടപടികൾ സ്വീകരിച്ചു വരുന്നു.

പഞ്ചായത്തിലെ റോഡ് ശൃംഖല സാമാന്യം മെച്ചപ്പെട്ടതാണെങ്കിലും കാലാകാലങ്ങളിൽ അറ്റകുറ്റപണികൾ നടത്താത്തതുമൂലം വർഷകാലത്ത് വെള്ളം കുത്തിയൊലിച്ച് മണ്ണൊലിച്ചു പോകുന്നത് കൊണ്ട് മിക്ക റോഡുകളും ശോചനീയമായ അവസ്ഥയിലാണ്. അമിതഭാരം കയറ്റിയ ലോറികൾ സ്ഥിരമായി ഓടുന്നതുമൂലം സാങ്കേതിക വിദ്യ പാലിക്കാതെ നിർമ്മിച്ചിട്ടുള്ള റോഡുകൾ അതിവേഗം പൊട്ടി പൊളിയുന്നു.

എൽ.ഇ.ഡി ലൈറ്റുകൾ ഉപയോഗം വർദ്ധിച്ചിട്ടുണ്ട്. ചാത്തന്നൂർ, കൊട്ടിയം എന്നീ ഇലക്ട്രിക്കൽ മേജർ സെക്ഷനുകളുടെ പരിധിയിൽ വരുന്ന പഞ്ചായത്തിലെ എല്ലാ വാർഡുകളിലും വൈദ്യുതി എത്തിയിട്ടുണ്ട്. ചാത്തന്നൂർ നിയോജക മണ്ഡലം സമ്പൂർണ്ണ വൈദ്യുതീകരണം നടത്തിയ മണ്ഡലമായി പ്രഖ്യാപിച്ചതിന്റെ ഭാഗമായി വൈദ്യുതി ലഭ്യമാക്കിയിട്ടുണ്ട്. അടാട്ട് മോഡൽ തെരുവുവിളക്ക് പരിപാലനം പഞ്ചായത്ത് നടപ്പിലാക്കിയതുമൂലം തെരുവു വിളക്ക് പ്രശ്നം വലിയൊരളവുവരെ പരിഹരിക്കാൻ കഴിഞ്ഞു. ഗതാഗതത്തിന് തടസ്സം ഉണ്ടാകും വിധം ഇലക്ട്രിക് പോസ്റ്റുകൾ റോഡു സൈഡിൽ നിൽക്കുന്നത് റോഡു വികസനത്തെ തടസ്സപ്പെടുത്തുന്ന ഒരു പ്രധാന ഘടകമാണ്.

വൈദ്യതി പ്രതിസന്ധി മുമ്പെങ്ങുമില്ലാത്തവിധം അതിരൂക്ഷമായിരിക്കുന്ന ഈ സാഹചര്യത്തിൽ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളെക്കുറിച്ച് വ്യാപകമായ രീതിയിലുള്ള ബോധവത്ക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടതുണ്ട്. എൽ.ഇ.ഡി ലൈറ്റുകൾ ഉപയോഗിക്കുന്നതിന് ജനങ്ങളെ പ്രോത്സാഹിപ്പിക്കണം. പഞ്ചായത്തിലെ ചില മേഖലകളിലുള്ള വോൾട്ടേജ് ക്ഷാമം പരിഹരിക്കണം. നിലവിൽ വൈദ്യുതി പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ നിർദ്ദേശ പ്രകാരം രൂപീകരിച്ചിട്ടുള്ള കമ്മിറ്റിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കണം.

## ദാരിദ്ര്യജന വിഭാഗങ്ങളുടെ അവസ്ഥ

ഗ്രാമപഞ്ചായത്തിലുള്ള മുഴുവൻ അതിദരിദ്രരെയും കണ്ടെത്തി അവരെ അതിദാരിദ്യത്തിൽ നിന്നും മോചിപ്പിക്കുന്നതിനായി ഒരു സമഗ്രമായ അതിദരിദ്രരുടെ മൈക്രോപ്ലാൻ രൂപീകരിച്ച് നിർവ്വഹണം നടത്തിവരുന്നു. പഞ്ചായത്തിലെ ആകെ വാസഗൃഹങ്ങളുടെ എണ്ണം 12567 ആണ്. ബഹു.സർക്കാരിന്റെ ജനപ്രിയ പദ്ധതിയായ സമ്പൂർണ്ണ പാർപ്പിട പദ്ധതിയിലുൾപ്പെടുത്തി (ലൈഫ്) എല്ലാവർക്കും പാർപ്പിടം എന്ന ലക്ഷ്യത്തിലേക്ക് മുന്നേറുന്നു.

പട്ടികജാതി വികസന രംഗത്ത് ഒട്ടേറെ ക്ഷേമ പദ്ധതികൾ സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയെങ്കിലും ഈ വിഭാഗത്തിന്റെ ജീവിത നിലവാരം ഇനിയും ഉയരേണ്ടതുണ്ട്. സാമൂഹ്യ ക്ഷേമ രംഗത്ത് പഞ്ചായത്തിലെ 34 അംഗനവാടികൾ പ്രവർത്തിക്കുന്നുവെങ്കിലും എല്ലാ അംഗൻവാടികൾക്കും സ്വന്തമായി കെട്ടിടം എന്ന ലക്ഷ്യത്തിലേക്ക് എത്തേണ്ടതുണ്ട്. അംഗൻവാടികളിലെ കുട്ടികൾക്ക് മെച്ചപ്പെട്ട പോഷകാഹാരം നൽകുന്ന നടപടി കൂടുതൽ കുട്ടികളെ ഉൾപ്പെടുത്തി പഞ്ചായത്ത് തലത്തിൽ ആരംഭിച്ചിട്ടുണ്ട്.

## സാംസ്ക്കാരിക രംഗം

ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്ത് പരിധിയിൽ, സാംസ്ക്കാരിക രംഗത്ത് 30 ൽപരം സംഘടനകൾ പ്രവർത്തിക്കുന്നുണ്ട്. ഈ സംഘടനകളെ പുനരുജ്ജീവിപ്പിച്ച് പദ്ധതി ആസൂത്രണത്തിന്റെ മുഖ്യധാരയിലേക്ക് കൈപിടിച്ച് ആനയിക്കേണ്ടിയിരിക്കുന്നു. പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ 2 ലൈബ്രറികൾ പ്രവർത്തിക്കുന്നു. ടെലിവിഷൻ, മൊബൈൽ ഫോൺ, ഇലക്ട്രോണിക് ഉപകരണങ്ങൾ എന്നിവയുടെ അതിപ്രസരം, പുസ്തകങ്ങളുടെ താങ്ങാനാകാത്ത വില, ലഭ്യതക്കുറവ്, വായനശാലകളുടെ തകർച്ച എന്നിവ പുതിയ തലമുറയെ വായന സംസ്കാരത്തെ തളർത്തുന്നു. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മിക്ക സാംസ്ക്കാരിക സംഘടനകൾക്കും സ്വന്തമായി സ്ഥലമോ കെട്ടിടമോ ഇല്ല. ഗ്രാമപഞ്ചായത്ത് തലത്തിൽ എല്ലാ വർഷവും നടത്തുന്ന കേരളോത്സവം കലാ കായിക സാംസ്ക്കാരിക രംഗത്ത് ഉണർവ്വ് പകരാൻ സഹായിക്കുന്നു.

## വനിതാക്ഷേമം

പദ്ധതി വിഹിതത്തിന്റെ നിശ്ചിത ശതമാനം തുക സ്ത്രീകൾക്ക് മാത്രമായി പ്രയോജനപ്പെടുന്ന പ്രോജക്ടുകൾക്കായി നീക്കിവെച്ചുകൊണ്ട് പദ്ധതികൾ വനിതാക്ഷേമത്തിന് പ്രാധാന്യം നൽകിവരുന്നു. കുടുംബശ്രീയുടെ പ്രവർത്തനം സ്ത്രീകളുടെ സാമൂഹിക ജീവിതത്തിൽ എടുത്ത് പറയേണ്ട ഒന്നു തന്നെയാണ്. കുടുംബശ്രീ യൂണീറ്റുകൾ ആരംഭിച്ചപ്പോൾ തന്നെ വനിതകളുടെ സ്വാശ്രയ ബോധവും മാനോദാർഢ്യവും വർദ്ധിച്ചതായി വിലയിരുത്തപ്പെടുന്നു. വനിതകൾക്ക് സ്വയംതൊഴിലിനും മൂല്യ വർദ്ധിത ഉൽപന്നങ്ങൾ ഉണ്ടാക്കുന്നതിന് സംരംഭങ്ങൾ തുടങ്ങുന്നതിനും, നൈപുണ്യ വികസനത്തിനുമായി ഈ വാർഷിക പദ്ധതിയിലും പ്രത്യേക വകയിരുത്തലുകൾ ഉണ്ട്.

## തൊഴിലും തൊഴിലില്ലായ്മയും

സംസ്ഥാനത്തൊട്ടാകെയെന്നത് പോലെ അഭ്യസ്തവിദ്യരായ യുവതി യുവാക്കളുടെ തൊഴിലില്ലായ്മ നമ്മുടെ പഞ്ചായത്തിനും രൂക്ഷമാണ് എങ്കിലും സംസ്ഥാന സർക്കാരിന്റെയും തദ്ദേശ സ്ഥാപനത്തിന്റെയും കാര്യക്ഷമമായ ഇടപെടലുകൾ മൂലവും ആയത് ഗണ്യമായി ഈ കാലയളവിൽ കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. പഞ്ചായത്തിൽ കശുവണ്ടി ഫാക്ടറികളും ഇഷ്ടിക ചൂളകളും സമീപ പഞ്ചായത്തുകളെ അപേക്ഷിച്ച് കൂടുതൽ ആണ്. ഇവയുടെ പ്രവർത്തനവും പ്രതിസന്ധിയിലാണ്. സീസണലായുള്ള കൃഷി പണികളാണ് പുരുഷന്മാർക്കുള്ള ആശ്രയം. കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിന് ഉപയുക്തമായ പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കിയെങ്കിൽ മാത്രമേ തൊഴിലില്ലായ്മയ്ക്ക് പരിഹാരമാവുകയുള്ളു. കശുവണ്ടി വ്യവസായ രംഗത്ത് പൊതു

മേഖലാസ്ഥാപനങ്ങളും ചില സ്വകാര്യ ഫാക്ടറികളും അടഞ്ഞു കിടക്കുന്നത് പ്രശ്നം രൂക്ഷമാക്കുന്നു. മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും വനിതകളുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനും വളരെയെറെ സഹായകമായിട്ടുണ്ട്.

## പരിസ്ഥിതി പ്രശ്നങ്ങൾ

ഹരിതകർമ്മസേനയുടെ പ്രവർത്തനം ഗ്രാമപഞ്ചായത്തിനെ മാലിന്യപരിപാലനത്തിന്റെ മറ്റൊരു തലത്തിലേക്ക് എത്തിച്ചിരിക്കുകയാണ്. വളരെ ശാസ്ത്രീയമായി മാലിന്യം ശേഖരിച്ച് വേർതിരിച്ച് സംസ്കരികരിച്ചുപോരുന്നു. ഇത്തിക്കര ആറിലും പരിസരപ്രദേശങ്ങളിലും പ്ലാസ്റ്റിക് മാലിന്യം നിക്ഷേപിക്കുന്നത് ജലസ്രോതസ്സിനെയും ജലസമ്പത്തിനെയും പ്രതികൂലമായി ബാധിക്കുന്നു. അടുത്ത മുഖ്യ പരിസ്ഥിതി പ്രശ്നം ഇഷ്ടിക വ്യവസായത്തിനു വേണ്ടി നിലം കുഴിച്ച് ചെളിയെടുത്തതുമൂലമുള്ള പ്രശ്നങ്ങളാണ്. കാർഷിക മേഖലയെ പിന്നോക്കം നയിച്ചതിൽ മുഖ്യസ്ഥാനം ഈ ചെളിയെടുപ്പിനു തന്നെ. പഞ്ചായത്തിലെ മിക്ക പാടശേഖരങ്ങളും വെള്ളക്കെട്ടുകളായി പ്രയോജനരഹിതമായി കിടക്കുന്നു. അന്തരീക്ഷമലിനീകരണം അതിരൂക്ഷമല്ലെങ്കിലും ചില ഫാക്ടറികളിലേയും ഇഷ്ടികചൂളകളിലേയും പുകയും ദുർഗന്ധവും പരിസരവാസികൾക്ക് അസ്വസ്ഥത ഉണ്ടാക്കുന്നു. പാതയോരങ്ങളിലെ അനിയന്ത്രിതമായ മാലിന്യ നിക്ഷേപം വലിയ ഭീഷണിയായിരിക്കുകയാണ്. ആയത് പരിഹരിക്കുന്നതിന് പോലീസുമായി ചേർന്ന് സ്വീകരിച്ച നടപടികൾ ഫലപ്രദമായെങ്കിലും ആയത് പൂർണ്ണമായി പരിഹരിക്കാൻ കഴിഞ്ഞിട്ടില്ല. തുമ്പൂർമൂഴി മോഡൽ മാലിന്യ സംസ്ക്കരണ പദ്ധതികളും ഏറ്റെടുത്ത് നടപ്പിലാക്കുന്നു.

## 2026-27 പദ്ധതി പരിശ്രമങ്ങൾ

പതിനാലാം പഞ്ചവത്സരപദ്ധതിയിലെ അഞ്ചാം വാർഷികപദ്ധതിയിൽ മുകളിൽ വിവരിച്ച വികസന വെല്ലുവിളികളുടെ പരിഹാരാർത്ഥം പത്ത് കോടിയോളം രൂപ ഉൽപാദന, സേവന, പശ്ചാത്തല മേഖലയിൽ വകയിരുത്തി സമഗ്രമായ ഒരു വികസനമാണ് ലക്ഷ്യമിടുന്നത്.

**അദ്ധ്യായം 2**

# വാർഷിക പദ്ധതി അവലോകനം

## 1. കണക്കുകൾ, രേഖകൾ, തയ്യാറാക്കൽ ജനസേവനം കാര്യക്ഷമമാക്കാൽ

ജീവനക്കാരുടെ അപര്യാപ്തതയും അമിതമായ ജോലിഭാരവും പഞ്ചായത്താഫീസുകളുടെ സുഗമമായ പ്രവർത്തനങ്ങൾക്ക് വിഘ്ലാതമാകുന്നു. ജനങ്ങളുടെ വർദ്ധിച്ചു വരുന്ന ആവശ്യങ്ങൾക്കനുസരിച്ച് ജനസേവനം കാര്യക്ഷമമാക്കാനുള്ള തീവ്രശ്രമം നടത്തിവരുന്നു. മുൻ

സാമ്പത്തിക വർഷങ്ങളിൽ ജനസേവനം കാര്യക്ഷമമാക്കുന്നതിനുവേണ്ടി ഫ്രണ്ട് ഓഫീസ് സംവിധാനം, ആഫീസ് ഉപകരണങ്ങൾ, കമ്പ്യൂട്ടർ അനുബന്ധ ഉപകരങ്ങൾ, ഫോട്ടോസ്റ്റാറ്റ് മെഷീൻ, ക്യാഷ് ചെസ്റ്റ് എന്നിവ വാങ്ങിക്കുകയും രേഖകളുടെ സൂക്ഷിപ്പിനായി സ്റ്റോർ റൂം നിർമ്മിക്കുകയും ചെയ്തു. രേഖകളുടെ കമ്പ്യൂട്ടർ വത്ക്കരണം, ജീവനക്കാരുടെ പരിശീലനം, സാങ്കേതിക സഹായം നൽകൽ എന്നിവക്ക് ഇൻഫർമേഷൻ കേരള മിഷന് തുക കൈമാറുന്നുണ്ട്.

ഫ്രണ്ട് ഓഫീസിന്റെ പ്രവർത്തനം കാര്യക്ഷമമായി നടന്നു വരുന്നു. പദ്ധതി രൂപീകരണം, കെട്ടിടനികുതി, ഫയൽ സംവിധാനം എന്നിവ പൂർണ്ണമായും ഓൺലൈൻ ആയിട്ടുണ്ട്. കടലാസുരഹിത ഓഫീസ് ആക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്.

## 2. കൃഷിയും അനുബന്ധ മേഖലകളും

കാർഷിക മേഖലയിൽ ഉൽപാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ ഏറ്റെടുത്ത് മതിയായ തുക വകയിരുത്തി പുരോഗതി കൈവരിക്കുന്നുണ്ട്. എന്നിരുന്നാലും കാർഷിക രംഗത്തെ സ്വയംപര്യാപ്തതയിലേക്കുള്ള ദൂരം ഇനിയും ഏറെ പിന്നിടേണ്ടതുണ്ട്. ക്ഷീരോൽപാദന മേഘലയിലും പ്രകടമായ മാറ്റം ഉണ്ടാക്കുവാൻ സാധിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷവും പ്രത്യേകം കാർഷിക രംഗത്തിന് ഊന്നൽ നൽകി കൂടുതൽ തുക വകയിരുത്തി പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പാക്കുന്നു.

## 3. മൃഗസംരക്ഷണം

മൃഗസംരക്ഷണത്തിൽ കന്നുകുട്ടി പരിപാലനം, മുട്ടക്കോഴി വിതരണം, കിടാരി വളർത്തൽ, തൊഴുത്ത് നവീകരണം, കർഷകർക്ക് ധാതുലവണ മിശ്രിതം, വിരമരുന്ന് വിതരണം, തുടങ്ങിയ വ്യക്തിഗത ആനുകൂല്യം നൽകുന്ന പദ്ധതികൾ ഉൾപ്പെടെ ഏറ്റെടുത്തുകൊണ്ട് ഈ സാമ്പത്തിക വർഷത്തെ ഉല്പാദനത്തിൽ വൻ വർദ്ധനവ് ഉണ്ടാക്കുന്നതിനുള്ള ഒരു പ്രയത്നം ഗ്രാമപഞ്ചായത്ത് ഏറ്റെടുക്കുന്നു.

## 4. ചെറുകിട വ്യവസായം

പ്രദേശിക സാമ്പത്തിക വികസനത്തിന് ചെറുകിട വ്യവസായത്തിന്റെ പങ്ക് വളരെ വലുതാണ്. കുടുബശ്രീ സംവിധാനങ്ങൾ ചെറുകിട സംരഭങ്ങൾ ഒരുക്കുന്നതിൽ ഒരു പരിധി വരെ സഹായിച്ചിട്ടുണ്ട്. എങ്കിലും നമുക്കിനിയും മുന്നേറേണ്ടത് മുൻ വർഷങ്ങളിൽ വളരെയധികം തൊഴിൽ പരിശീലനങ്ങൽ നടത്തിയിട്ടുണ്ട്. എങ്കിലും അവ പ്രയോജനത്തിൽ വരുത്തി പ്രവർത്തിക്കുന്ന സംരംഭങ്ങൾ വളരെ ചുരുക്കമാണ്. നൈപുണ്യവികസനത്തിനും, സ്വയം തൊഴിൽ കണ്ടെത്തുന്നതിനും, ആയതിന് സബ്സിഡി ധനസഹായങ്ങൾ ലഭ്യമാക്കുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ള പദ്ധതികൾ ഈ വാർഷിക പദ്ധതിയുടെ ഭാഗമാക്കിയിട്ടുണ്ട്.

## 5. പൊതുമരാമത്ത് , ഊർജ്ജം

ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ ഭൂരിഭാഗം റോഡുകളും കഴിഞ്ഞ കാല പദ്ധതികളിൽ ഉൾപ്പെടുത്തി ടാർ ചെയ്തു കഴിഞ്ഞു. എങ്കിലും ഇനിയും റോഡുകൾ അവശേഷിക്കുന്നു. ഓടകളുടെ അഭാവവും കാലവർഷവും റോഡുകൾക്ക് നാശം വരുത്തുന്നതിനാൽ ഭൂരിഭാഗം റോഡുകൾക്കും മെയിന്റനൻസ് ആവശ്യമാണ്. നിലവിലുള്ള അംഗനവാടികളുടെ മെയിന്റനൻസ് പൂർത്തിയായിട്ടുണ്ട്. അംഗനവാടികൾക്ക് ചുറ്റുമതിൽ നിർമ്മിക്കുന്നതിന് ഈ സാമ്പത്തിക വർഷം പദ്ധതികൾ ഏറ്റെടുക്കുന്നുണ്ട്.

ഊർജ്ജ മേഖലയിൽ പ്രധാനം വഴിവിളക്കുകളാണ്. ഇവയുടെ നിർബോധമായ പ്രവർത്തനത്തിനും അവയുടെ മെയിന്റനൻസിനും വേണ്ട നടപടികൾ പഞ്ചായത്ത് സ്വീകരിച്ചു വരുന്നു. അടാട്ട് മാതൃകയിൽ തെരുവ് വിളക്ക് പരിപാലത്തിനായുള്ള പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു.

## 6. ദാരിദ്ര്യ ലഘൂകരണം

ഗ്രാമപഞ്ചായത്തിലുള്ള മുഴുവൻ അതിദരിദ്രരെയും കണ്ടെത്തി അവരെ അതിദാരിദ്യത്തിൽ നിന്നും മോചിപ്പിക്കുന്നതിനായി ഒരു സമഗ്രമായ അതിദരിദ്രരുടെ മൈക്രോപ്ലാൻ രൂപീകരിച്ച് നിർവ്വഹണം പൂർത്തീകരിച്ചിട്ടുണ്ട്. പാർപ്പിടമേഘലയിലെ ആവശ്യക്കാരുടെ എണ്ണം വർഷം തോറും കൂടി വരുന്ന സാഹചര്യം നിലനിൽക്കുന്നു. ലൈഫ് ഭവനപദ്ധതിയിൽ ഉൾപ്പെടുത്തി ജനറൽ, എസ് സി, മത്സ്യത്തൊഴിലാളി, അതിദാരിദ്യ വിഭാഗം എന്നിവർക്കായി 2025-26 സാമ്പത്തിക വർഷവും പ്രത്യേകം പ്രത്യേകം പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുകയുണ്ടായി.

## 7. സാമൂഹിക സുരക്ഷിതത്വം

ഗ്രാമപഞ്ചായത്തിലെ മാനസിക വെല്ലുവിളി നേരിടുന്നവർക്ക്വേണ്ടി ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിന്റെ പ്രവർത്തനം നടന്നുവരുന്നു. ഭിന്നശേഷിയുള്ളവർക്ക് ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ കെട്ടിടം നിർമ്മിക്കുന്നതിന് 2022-23 ൽ സ്വന്തമായി ഭൂമി വാങ്ങിയിട്ടുണ്ട്. 2025-26 ൽ കെട്ടിടനിർമ്മാണത്തിനായി പദ്ധതി ഏറ്റെടുത്തിട്ടുണ്ട്. സമൂഹത്തിൽ വളരെയധികം ദുരിതമനുഭവിക്കുന്ന ജനവിഭാഗങ്ങളാണ് വൃദ്ധരും ഭിന്നശേഷി വിഭാഗവും. അവരുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിന് ഊന്നൽ കൊടുക്കുന്നതായിരിക്കണം ലക്ഷ്യം. ഭിന്നശേഷിയുള്ളവർ മറ്റുള്ളവരെ ആശ്രയിക്കാതെ സ്വന്തം കാലിൽ നിൽക്കാൻ പ്രാപ്തരാക്കി വളർത്തുന്നതിനുള്ള ശ്രമങ്ങൾ ഉണ്ടാകേണ്ടതും, അവരുടെ രക്ഷകർത്താക്കളുടേത് ഉൾപ്പെടെയുള്ള പ്രയാസങ്ങൾ പരിഹരിക്കേണ്ടുതും ഉണ്ട്.

## 8. പട്ടികജാതി വികസനം

പട്ടികജാതി വികസനം മുൻനിർത്തി ഭവന പദ്ധതിയും , വസ്തുവാങ്ങൽ, വീട് മെയിന്റനൻസ്, എസ്സ് സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്, വിവാഹധനസഹായം, വയോജനങ്ങൾക്ക് കട്ടിൽ എന്നീ പദ്ധതികൾ ഏറ്റെടുത്തു നടപ്പിലാക്കുന്നു. കൂടാതെ പട്ടികജാതി വികസന വകുപ്പ് മുഖേനയും ഭവനം, വസ്തു, വിവാഹ ധനസഹായം, മിശ്രവിവാഹ ധനസഹായം എന്നിവ നടപ്പിലാക്കി വരുന്നു.

## 9. വനിതാശിശുവികസനം

ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിൽ 21 വാർഡുകളിലായി 34 അംഗനവാടികളുണ്ട്. 2022–23 സാമ്പത്തിക വർഷം രണ്ട് അംഗൻവാടികളുടെ കെട്ടിടനിർമ്മാണത്തിനും, 2023–24 സാമ്പത്തികവർഷം ഒര് അംഗൻവാടിയുടെ കെട്ടിടനിർമ്മാണത്തിനും, 2024–25 സാമ്പത്തിക വർഷം രണ്ട് അംഗൻവാടികളുടെ കെട്ടിടനിർമ്മാണത്തിനും, 2025–26 സാമ്പത്തിക വർഷം മൂന്ന് അംഗൻവാടികളുടെ കെട്ടിടനിർമ്മാണത്തിനും ഫണ്ട് വകയിരുത്തി പദ്ധതി തയ്യാറാക്കി നടപ്പിലാക്കുന്നു. അംഗൻവാടി പോഷകാഹരം, പ്രീസ്കൂൾ കലോൽസവം, അംഗനവാടി പ്രവർത്തകർക്ക് അധിക വേതനം എന്നീ പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നുണ്ട്.

## 10. ആരോഗ്യം

ആദിച്ചനല്ലൂർ പഞ്ചായത്തിൽ ആരോഗ്യ മേഖലയിൽ ഒരു പ്രൈമറി ഹെൽത്ത് സെന്ററും ഹോമിയോ ഡിസ്പെൻസറിയും ഒരു ആയുർവേദ ആശുപത്രിയുമാണ് നിലവിലുള്ളത്. ജനങ്ങളുടെ ആരോഗ്യ പ്രശ്നങ്ങൾക്ക് വലിയൊരളവ് വരെ ഇവയുടെ പ്രവർത്തനം സഹായകരമാകുന്നുണ്ട്. നാഷണൽ ഹെൽത്ത് മിഷൻ ഫണ്ട് സബ്സെന്ററുകളുടെ കെട്ടിട നിർമ്മാണത്തിനായി അനുവദിച്ചിട്ടുണ്ട. ഗ്രാമപഞ്ചായത്തിന്റെ ഫണ്ട് വകയിരുത്തി തഴുത്തല സബ്സെന്റർ കെട്ടിട നിർമ്മാണത്തിന് 2025–26 സാമ്പത്തിക വർഷം 5 സെന്റ് സ്ഥലം വാങ്ങുകയും, ഇനിയും സബ്സെന്റർ കെട്ടിടനിർമ്മാണത്തിനായി സ്വന്തമായി സ്ഥലം ഇല്ലാത്ത ഇടങ്ങളിൽ സ്ഥലം വാങ്ങുന്നതിനുള്ള പദ്ധതിയും ഏറ്റെടുത്തിട്ടുണ്ട്.

## 11 . കുടിവെള്ളം , ശുചിത്വം

ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്ത് സമ്പൂർണ്ണ ശുചിത്വത്തിനുള്ള നിർമ്മൽ പുരസ്ക്കാരം നേടിയെങ്കിലും ശുചിത്വം അക്ഷരാർത്ഥത്തിൽ എത്തിക്കുവാൻ നാമിനിയും ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. മാലിന്യ നിർമ്മാർജ്ജന സംവിധാനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുവാനും നടപടികൾ സ്വീകരിക്കേണ്ടിയിരിക്കുന്നു. തുമ്പൂർ മുഴി മോഡൽ മാലിന്യസംസ്കരണ പദ്ധതി, ബയോഗ്യാസ് പ്ലാന്റ് നിർമ്മാണവും മെയിന്റനൻസും എന്നീ പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്. കുടിവെള്ളക്ഷാമം പരിഹരിക്കാൻ പഞ്ചായത്ത് വിവിധ പരിപാടികൾ ആസൂത്രണം ചെയ്തുവരുന്നു. ജലജീവൻ മിഷൻമുഖാന്തിരം എല്ലാ ഭവനങ്ങളിലും ഗാർഹിക കുടിവെള്ള കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ട്.

## 12. വിദ്യാഭ്യാസം, കല, സംസ്ക്കാരം, യുവജനക്ഷേമം, കായികവികസനം

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ ആകെ പത്തോളം വിദ്യാലയങ്ങൾ ആണുള്ളത്. നിരവധി ക്ലബ്ബുകൾ, യുവജന സംഘടനകൾ, വയോജന സംഘടനകൾ എന്നിവയും പ്രവർത്തിക്കുന്നുണ്ട്. എല്ലാ വർഷവും ഗ്രാമപഞ്ചായത്തിൽ നടത്തുന്ന കേരളോൽസവം ഈ മേഖലയിൽ ഉണർവ്വേകുന്ന ഒന്നാണ്.

## 13. ദുരന്തനിവാരണം-കാലാവസ്ഥാവ്യതിയാനം

ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിലെ കാലാവസ്ഥ വ്യതിയാനം മുതൽ ഉണ്ടായമാറ്റങ്ങളുടേയും ദുരന്തസാധ്യതകളുടെ ചരിത്രം അറിഞ്ഞിരിക്കുന്നത് ഭാവിയിൽ സംഭവിക്കാൻ ഇടയുള്ള ദുരന്തനാടകങ്ങളും അതിന്റെ സ്വഭാവികതകളെയും പ്രത്യേകതകളെയും സംബന്ധിച്ചു മനസ്സിലാക്കാൻ സഹായിക്കും. ഒരു ഹരിത വികസന ഭാവിയിലേക്കുള്ള പ്രയാണത്തിൽ തദ്ദേശസ്വയം ഭരണസ്ഥാപനത്തിന് ആപത്ത് സാധ്യതകൾ ഉണ്ടായാൽ അതിന്റെ ആഘാതം കുറയ്ക്കുന്നതിനും, ഇത്തരം വിവരശേഖരണം മുഖാന്തരം വരാനിരിക്കുന്ന പ്രതിസന്ധിഘട്ടങ്ങളെ എങ്ങനെ തരണം ചെയ്യണം എന്നും അവ എങ്ങനെ ചെറുത്തുനിൽക്കാമെന്നും നമുക്ക് വ്യക്തമാക്കി തരുന്നുണ്ട്.

## 14. മത്സ്യബന്ധനം

സുഭിക്ഷകേരളം പദ്ധതിയുടെ ഭാഗമായി സ്വയം പര്യാപ്തത കൈവരിക്കുന്നതിനായി മത്സ്യബന്ധനപദ്ധതികൾ ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. മത്സ്യത്തൊഴിലാളികൾ ഇത്തിക്കര ആറിനെ ആശ്രയിച്ച് ഉപജീവനം നടത്തുന്ന നമ്മുടെ ഗ്രാമപഞ്ചായത്തിൽ മത്സ്യങ്ങളുടെ പ്രജനനത്തിനും തീര സംരക്ഷമത്തിനും സഹായിക്കുന്ന കണ്ടൽക്കാടുകളുടെ സംരക്ഷണത്തിനും നട്ടുപിടിപ്പിക്കലിനും പദ്ധതി ഏറ്റെടുത്തു നടപ്പിലാക്കി വരുന്നു. ഈ സാമ്പത്തിക വർഷവും കൂട് കൃഷി ഉൾപ്പെടെയുള്ള പദ്ധതിൾ മത്സ്യക്കൃഷിക്ക് ഏറ്റെടുത്ത് ഉൽപാദനം വർദ്ധിപ്പിക്കുന്നതിന് വിഭാവനം ചെയ്തിട്ടുണ്ട്.

# വകുപ്പുകൾ ഏജൻസികൾ നടപ്പിലാക്കിയ പരിപാടികൾ

വിവിധ വകുപ്പുകളുടേയും ഏജൻസികളുടെയും സഹായത്തോടെ കുറേയേറെ പദ്ധതികൾ ഇപ്പോഴും കഴിഞ്ഞ പഞ്ചവത്സര പദ്ധതിക്കാലത്തും നടപ്പിലാക്കിയിട്ടുണ്ട്. കൃഷി വകുപ്പ് മുഖേന തരിശുനില കൃഷി, നെല്ല്, പച്ചക്കറിക്കൃഷി എന്നിവ നടത്തുന്നു. റോഡുകളുടെ വികസനത്തിനായി ജില്ലാ ബ്ലോക്ക് പഞ്ചായത്തുകളുടെ വിഹിതത്തിനു പുറമേ എം.പി, എംഎൽഎ ഫണ്ടുകളും പ്രകൃതി ക്ഷോഭ ദുരിതാശ്വാസഫണ്ടുകളും ലഭിക്കുന്നുണ്ട്. ഭവന നിർമ്മാണത്തിനുവേണ്ടി പി.എം.എ.വൈ, ലൈഫ് എന്നിവ പ്രകാരം പഞ്ചായത്തുകൾക്ക് സഹായം ലഭിക്കുന്നു. വിദ്യാഭ്യാസ വകുപ്പ് മുഖേന പഞ്ചായത്തിലെ എൽ.പിയുപി സ്ക്കൂളുകൾക്ക് വിദ്യാർത്ഥികളുടെ ഉച്ചഭക്ഷണം , അദ്ധ്യാപകരുടെ സേവന വേതനങ്ങൾ എന്നിവയ്ക്കു പുറമേ എസ്. എസ്. എ മുഖേന സ്ക്കൂളുകളുടെ സമഗ്ര വികസനവും ഉറപ്പു വരുത്തുന്നു.

പട്ടികജാതി വികസന വകുപ്പു മുഖേന പട്ടികജാതിക്കാരുടെ വികസനം ലഭ്യമാക്കി പെൺകുട്ടികളുടെ വിവാഹധനസഹായം , ഭൂരഹിതർക്ക് ഭൂമി , ഭവനനിർമ്മാണം , കുടിവെള്ള കിണർ എന്നിവ നടപ്പിലാക്കി വരുന്നു.

# അദ്ധ്യായം 3

# പ്രശ്നവിശകലനവും പ്രശ്നപരിഹാര സാദ്ധ്യതകളും

## 1.കണക്കുകൾ ,രേഖകൾ തയ്യാറാക്കൽ , ജനസേവനം കാര്യക്ഷമമാക്കൽ

വിഭങ്ങളുടെ പരിമിതിയും (മാനവവിഭവശേഷി ഉൾപ്പെടെ), വർദ്ധിച്ചുവരുന്ന ആവശ്യങ്ങളും ഗ്രാമപഞ്ചായത്തുകൾ നേരിടുന്ന പ്രധാന പ്രശ്നമാണ്. മതിയായ ജീവനക്കാരുടെ അഭാവം ഇന്നും ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തനത്തെ ബാധിക്കുന്നു. ഫ്രണ്ട് ആഫീസ് ഏർപ്പെടുത്തിയത് ജനസൗഹൃദ ഓഫീസായി മാറ്റുന്നതിനും ജനസേവനം കാര്യക്ഷമമാക്കുന്നതിനും വേണ്ടിയാണ്. ഗ്രാമപഞ്ചായത്തിലെ എല്ലാ സേവനങ്ങളും ഓൺലൈനായി നടപ്പിലാക്കുന്നതിന് ഐ എൽ ജി എം എസ് സംവിധാനം നടപ്പിലാക്കി, കടലാസുരഹിതഓഫീസായി മാറ്റുന്നതിനുള്ള പ്രവർത്തനം പുരോഗമിക്കുന്നു.

## 2. കൃഷിയും അനുബന്ധ മേഖലകളും

ഉൽപ്പാദന മേഖലയിൽ കൃഷിയുടെ വികസനത്തിൽ മുൻഗണന നൽകിയെങ്കിലും നെൽകൃഷി പ്രോത്സാഹിപ്പിക്കുവാൻ കഴിഞ്ഞിട്ടില്ല. തരിശുനിലങ്ങൾ ധാരാളമായി കൃഷിയിറക്കാതെ കിടക്കുന്നു. കൃഷിയ്ക്കാവശ്യമായ ജലസേചന സൗകര്യം ഒരുക്കുന്നതിൽ വേണ്ടത്ര മുന്നോട്ട് പോയിട്ടില്ല. തെങ്ങുകളുടെ രോഗബാധ തെങ്ങുകൃഷിയെ തകർത്തു. രോഗം ബാധിച്ച തെങ്ങുകൾ മുറിച്ചു മാറ്റിയെങ്കിലും പകരം അത്ര തന്നെ തെങ്ങുകൾ വച്ചുപിടിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. കർഷക തൊഴിലാളികളുടെ ദൗർലഭ്യവും ഉയർന്ന കൂലിചെലവുമാണ് ഈ മേഖലയെ നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി. കർഷകർക്ക് പരമാവധി ലാഭമുണ്ടാക്കത്തക്ക രീതിയിൽ അവർ ഉല്പ്പാദിപ്പിക്കുന്ന കാർഷികോത്പന്നങ്ങൾ വിപണനം നടത്തുന്നതിനുള്ള ഒരു സ്ഥിരം സംവിധാനത്തിന്റെ അഭാവമാണ് കർഷകരെ കൃഷിയിൽ നിന്നും പിന്മാറാൻ പ്രേരിപ്പിക്കുന്ന മറ്റൊരു ഘടകം.

## 3. ക്ഷീര വികസനവും മൃഗ സംരക്ഷണവും

മൃഗ സംരക്ഷണ മേഖലയിൽ കറവപ്പശു വിതരണം, ആട് വളർത്തൽ, കോഴി വിതരണം തുടങ്ങിയ വ്യക്തികൾക്ക് ആനുകൂല്യങ്ങൾ നൽകുന്ന പദ്ധതികൾ ഉല്പ്പാദന വർദ്ധനവ് പ്രതീക്ഷിത രീതിയിൽ ഉണ്ടാക്കിയിട്ടില്ല. മൃഗങ്ങൾക്കുണ്ടാകുന്ന രോഗങ്ങളും, കാലിത്തീറ്റ വിലവർദ്ധനവും, മുട്ടയുടെ ലഭ്യതക്കുറവാണ് മേഖലയിലെ പ്രധാന പ്രശ്നങ്ങൾ. ശുചിത്വത്തിലെ അജ്ഞത, അടിക്കടിയുള്ള വിലക്കയറ്റം, കോഴിയുടെ ലഭ്യതക്കുറവ് എന്നിവയാണ് അവയുടെ കാരണങ്ങൾ. കാലിത്തൊഴുത്ത് പുനരുദ്ധാരണം, സൗജന്യ നിരക്കിൽ മരുന്ന് നൽകൽ, ബോധവത്ക്കരണം,

സബ്സിഡി നിരക്കിൽ കാലിത്തീറ്റ നൽകൽ, മുട്ടക്കോഴി നൽകൽ എന്നിവയാണ് അതിനുള്ള പ്രതിവിധികൾ മൃഗസംരക്ഷണ മേഖലയിൽ മുൻവർഷം നടപ്പിലാക്കിയ പദ്ധതികൾ ക്ഷീര വികസനരംഗത്ത് കാര്യമായ മുന്നേറ്റം നടത്താൻ സഹായകമായിട്ടുണ്ട്.

## 4. ചെറുകിട വ്യവസായം

കുടുംബശ്രീ യൂണിറ്റുകൾ, ചെറുകിട വ്യവസായ യൂണിറ്റുകൾ തുടങ്ങുവാൻ സന്നദ്ധമായി മുന്നോട്ട് വരേണ്ടത് ആവശ്യമാണ്. വനിതകൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾക്കായി പദ്ധതിയിൽ മതിയായ തുക വകയിരുത്തി പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്.

## 5. പൊതുമരാമത്ത്

മുൻ വർഷങ്ങളിൽ പഞ്ചായത്തിലെ ഒട്ടുമിക്ക പ്രധാന റോഡുകളും വിവിധ ഫണ്ടുകൾ ഉപയോഗിച്ച് ടാറിംഗും കോൺക്രീറ്റും ചെയ്തു കഴിഞ്ഞിട്ടുണ്ട്. ഏങ്കിലും ഓരോ വാർഷിക പദ്ധതിയിലും പദ്ധതി വിഹിതത്തിന്റെ ഭൂരിഭാഗവും റോഡുകൾക്കായി ചെലവഴിച്ചാലും നിലവിലുള്ള റോഡുകളുടെ മെയിന്റനൻസിനും പുതിയ റോഡുകൾക്കും തികയാത്ത രീതിയിലാണ് നിലവിലുള്ള സ്ഥിതിവിശേഷം. ടാറിന്റെ വിലയും പുതുക്കിയ മാനദണ്ഡപ്രകാരമുള്ള നിർമ്മാണച്ചെലവും കരാറുകാരെ ചെറിയ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിൽ നിന്നും പിന്തിരിപ്പിക്കുന്നു. വിവിധ റോഡുകൾ സംയോജിപ്പിച്ച് വലിയ പ്രവൃത്തികൾക്ക് തുക വകയിരുത്തി പദ്ധതി തയ്യാറാക്കി പ്രശ്നപരിഹാരം സാധ്യമാണ്.

## 6. ദാരിദ്യ ലഘൂകരണം

ദാരിദ്ര്യ ലഘൂകരണത്തിന് ഉതകുന്ന സാമൂഹിക അസമത്വം കുറയ്ക്കത്തക്കരീതിയിലുള്ള നിരവധി പ്രവർത്തികൾ കഴിഞ്ഞ പഞ്ചവത്സര പദ്ധതിക്കാലത്ത് ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതികൾ എല്ലാംതന്നെ ഒരു പരിധിവരെ പഞ്ചായത്തിലെ ജനവിഭാഗങ്ങളുടെ സാമൂഹിക സാമ്പത്തിക ഉന്നമനത്തിന് വഴിയൊരുക്കിയിട്ടുണ്ട് എന്നുള്ളത് യാഥാർത്ഥ്യമാണ്. എന്നാൽ ദാരിദ്രലഘൂകരണത്തിനായി നടപ്പിലാക്കിയ പദ്ധതികൾ അർഹരായവർക്ക് തന്നെയാണോ ലഭിച്ചിട്ടുള്ളത് എന്നും ആനുകൂല്യം ലഭിച്ചിട്ടുള്ളവർ അവ ഉപയോഗപ്പെത്തുന്നുവോ എന്ന് പരിശോധിക്കുന്നതിനും ആവശ്യമായ ശക്തമായ മോണറ്ററിഗ് സമ്പ്രദായത്തിന്റെ അഭാവം ഈ പദ്ധതികളുടെ ഉദ്ദേശ ലക്ഷ്യപ്രാപിതിക്ക് തടസ്സമായി നിൽക്കുന്നു.

ദാരിദ്ര്യലഘൂകരണത്തിന് നിരവധി പ്രവർത്തികൾ നടപ്പിലാക്കിയെങ്കിലും ടി പ്രവർത്തനങ്ങൾ ദാരിദ്ര്യ ലഘൂകരണത്തിന് എത്രമാത്രം സഹായകരമായി എന്ന കാര്യം പഠനവിധേയമാക്കേണ്ടതുണ്ട്. ദാരിദ്യത്തിന്റെ പ്രാദേശിക ഏറ്റക്കുറച്ചിലുകൾ കണക്കാക്കി അവയ്ക്ക് മുൻഗണന നൽകി വിവിധ മേഖലകളിലെ പദ്ധതികൾ ക്രോഡീകരിച്ച് നടപ്പിലാക്കിയെങ്കിൽ മാത്രമേ ഇന്നത്തെ സ്ഥിതിയ്ക്ക് മാറ്റം വരുകയുള്ളു. അതിദരിദ്രരെ അതിദാരിദ്യത്തിൽ നിന്നും മോചിപ്പിക്കുന്നതിനായി അതിദരിദ്രരുടെ മൈക്രോപ്ലാൻ തയ്യാറാക്കി പൂർത്തീകരിച്ചിട്ടുണ്ട് എന്നാൽ ഈ വിഭാഗം അതിദാരിദ്യത്തിലേക്ക് വീണ്ടും വീണുപോകാതിരിക്കാനുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട്.

## 7. സാമൂഹ്യക്ഷേമം

അവഗണന അനുഭവിക്കുന്നതും ദുർബല വിഭാഗങ്ങളിൽപ്പെട്ടതുമായ ജനങ്ങളുടെ ക്ഷേമത്തിനായി നിരവധി പദ്ധതികൾ കഴിഞ്ഞ പദ്ധതിക്കാലങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്. സാമൂഹികക്ഷേമത്തിന് ഉതകുന്ന തരത്തിൽ ഒരു സാമൂഹിക അവബോധം ഉണ്ടാക്കിയെടുക്കയും അതിന്റെ പ്രാധാന്യത്തെപ്പറ്റി വിദ്യാഭ്യാസകാലം മുതൽക്കേ കുട്ടികളിൽ ബോധവത്ക്കരണം നടത്തുകയും ചെയ്യേണ്ടത് അനിവാര്യമാണ്. ഈ മേഖലയിൽ ഇനിയും ധാരാളം കാര്യങ്ങൾ ചെയ്യുവാനുണ്ട്. വൃദ്ധജനങ്ങളുടെ സംരക്ഷണത്തിനായി ഫലപ്രദമായ പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതുണ്ട്.

## 8. പട്ടികജാതി വികസനം

പട്ടികജാതി വികസനത്തിനായി നിരവധി പ്രോജക്ടുകൾ കഴിഞ്ഞ കാലങ്ങളിൽ തയ്യാറാക്കിയെങ്കിലും മേഖലയിലെ ജനങ്ങളുടെ പിന്നോക്കാവസ്ഥയ്ക്ക് കാര്യമായ മാറ്റം വന്നിട്ടില്ല. ആനുകൂല്യം കൈപ്പറ്റിയിട്ട് കൈമാറ്റം ചെയ്യുന്നതുമായ അവസ്ഥകൾ വിരളമല്ല. മോണിറ്ററിംഗ് സംവിധാനം കുറ്റമറ്റതാക്കി ഇതിനൊരു പരിഹാരം കാണേണ്ടതാണ്. വസ്തു വാങ്ങുവാനുള്ള ഗുണഭോക്താക്കൾക്ക് ഭൂമിയുടെ ലഭ്യതക്കുറവും ലഭ്യമായ ഭൂമിയുടെ വില വർദ്ധനവും പ്രശ്നമാണ്.

## 9. സ്ത്രീകളുടെയും കുട്ടികളുടെയും വികസനം

ആരോഗ്യപരമായ സമൂഹം കെട്ടിപ്പടുത്തുന്നതിന് അറിവും ആരോഗ്യവുമുള്ള സ്ത്രീയാണ് പ്രധാന ഘടകം. അതുകൊണ്ട് സ്ത്രീകളുടെ ഉന്നമനത്തിന് പ്രാധാന്യം കൊടുക്കേണ്ടതുണ്ട്. പദ്ധതി വിഹിതത്തിന്റെ 10% എല്ലാ വർഷവും വനിതകൾക്കുവേണ്ടി മാറ്റിവെയ്ക്കുന്നു. എന്നതിനാൽ പരമാവധി സ്ത്രീകളെ ഗുണഭോക്താക്കളായി ഉൾപ്പെടുത്തുവാൻ കഴിഞ്ഞിട്ടുണ്ട്. അംഗനവാടികൾ മുഖേന ശിശുക്കൾക്ക് പോക്ഷകാഹാരം നൽകുന്നു. പദ്ധതിയിൽ ഗണ്യമായ തുക അംഗനവാടികൾക്കായി മാറ്റിവയ്ക്കുന്നു. എന്നിരുന്നാലും ഈ മേഖലയുടെ ആവശ്യങ്ങൾക്കായി വളരെയധികം തുക ആവശ്യമാണ്. ആകെയുള്ള 34 അംഗനവാടികളിൽ വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന അംഗനവാടികൾക്ക് എല്ലാം സ്വന്തമായി കെട്ടിടവും സ്ഥലവും അനുബന്ധ സൗകര്യങ്ങളും ആവശ്യമാണ്. ഈ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നിരവധി അംഗനവാടികളുടെ നിലവാരം ഉയർത്തുന്നതിനായി പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്.

## 10. ആരോഗ്യം

കഴിഞ്ഞ പദ്ധതി കാലങ്ങളിൽ നടപ്പിലാക്കിയ പദ്ധതികൾ സാധാരണക്കാരായ ജനങ്ങൾക്ക് സഹായകരമായി എന്നതിൽ സംശയമില്ല. ആയൂർവേദ ആശുപത്രി, ഹോമിയോ ആശുപത്രി, പ്രാഥമിക ആരോഗ്യ കേന്ദ്രം എന്നിവിടങ്ങളിൽ നിന്നുള്ള മരുന്നു വിതരണം എന്നിവ ഫലപ്രദമായ പരിപാടികളാണ്. പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ആദ്യ വാർഷികപദ്ധതിയിൽത്തന്നെ നാഷണൽ ഹെൽത്ത് മിഷൻ ഫണ്ട് ഉപയോഗിച്ച് സബ്സെന്ററുകളുടെ നവീകരണത്തിനായും

ഗ്രാമപഞ്ചായത്തിന്റെ ഭണ്ട് വകയിരുത്തി സബ്സെന്റർ കെട്ടിടനിർമ്മാണത്തിനായി സ്ഥലം വാങ്ങുന്നതിനും പദ്ധതി ഏറ്റെടുത്തിട്ടുണ്ട്.

## 11. കുടിവെള്ളം , ശുചിത്വം

ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിൽ സ്ട്രീറ്റ് ടാപ്പുകൾ മുഖാന്തിരം കുടിവെള്ളം നൽകുന്നതിനുമാത്രം പ്രതിമാസം രണ്ടു ലക്ഷത്തിൽപരം രൂപ കേരള വാട്ടർ അതോറിറ്റിക്ക് കുടിവെള്ളക്കരം നൽകുന്നുണ്ട്. എന്നാൽ പഞ്ചായത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കപ്പെടുന്നുണ്ടോ എന്നത് ചിന്തിക്കേണ്ട വിഷയമാണ്. വേനൽക്കാലത്ത് കുടിവെള്ളതിനുവേണ്ടിയുള്ള ആവശ്യം പഞ്ചായത്തിന്റെ പലഭാഗത്തുനിന്നും ഉണ്ട്. നിലവിലുള്ള വിതരണ ശൃംഖല വേനൽക്കാല കുടിവെള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പര്യാപതമല്ല. ജലജീവൻമിഷൻ മുഖാന്തിരം എല്ലാ ഭവനങ്ങളിലും ഗാർഹിക കുടിവെള്ള കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഗ്രാമപഞ്ചായത്തിൽ 100% കുടുംബങ്ങൾക്കും ഗാർഹിക കുടിവെള്ള കണക്ഷൻ ലഭ്യമായിട്ടുണ്ട്. ഹരിതകർമ്മസേനയുടെ പ്രവർത്തനം പ്രശംസനീയമാണ്. മാലിന്യസംസ്കരണ രംഗത്ത് ഒരു പുതിയ സംസ്കാരം വളർത്തിയെടുക്കേണ്ടതുണ്ട്. ശുചീകരണ പ്രവർത്തനങ്ങൾ പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും നടക്കുന്നു. പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ബൈലോ, ഖരമാലിന്യ നിർമ്മാർജന ബൈലോ എന്നിവ തയ്യാറാക്കി പ്രസിദ്ധീകരിച്ചു നടപടികൾ സ്വീകരിച്ചുവരുന്നു. സ്കൂളുകളിൽ കമ്മ്യൂണിറ്റി സോക്പിറ്റ് നിർമ്മാണം, തുമ്പൂർമുഴി മോഡൽ എന്നീ പദ്ധതികളും ഏറ്റെടുത്തിട്ടുണ്ട്.

## 12. വിദ്യാഭ്യാസം. സംസ്ക്കാരം, കലാകായിക വികസനം, യുവജനക്ഷേമം

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം വിദ്യാഭ്യാസ മേഖലയിൽ കൊണ്ടുവന്ന മാറ്റം ചെറുതല്ല. സർക്കാർ വിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യങ്ങളുടെ മെച്ചപ്പെടൽ, വിദ്യാഭ്യാസത്തിന്റെ നിലവാരത്തിൽ വന്ന മാറ്റം എന്നിവ സ്കൂളുകളിൽ വിദ്യാർത്ഥികളുടെ എണ്ണത്തിലും വർദ്ധന ഉണ്ടാക്കി. കുട്ടികളുടെ കായിക ശേഷിയും പഠന നിലവാരവും മെച്ചപ്പെടുത്തുന്നതിന് യോഗ, കായിക പരിശീലനം എന്നിവ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നു. എൽ.പി. യു.പി.സ്ക്കൂളിൽ പ്രഭാത ഭക്ഷണവും ഉച്ചഭക്ഷണവും നൽകുന്നതിനും പദ്ധതി രൂപീകരിച്ചിട്ടുണ്ട്. പ്രതിഫലേച്ഛയോടുകൂടിയ സമീപനം കലാകായിക രംഗത്തുള്ള മുന്നേറ്റത്തിന് വിഘാതമായി നിൽക്കുന്ന ഘടകങ്ങളിൽ ഒന്നാണ്. സാംസ്ക്കാരിക കേന്ദ്രങ്ങളും വായനാശാലകളും വിസ്മൃതിയിലേക്ക് പോയിക്കൊണ്ടിരിക്കുന്നു. അറിവിന്റെ കലവറകളെ ഉയർത്തെഴുന്നേൽപ്പിച്ച് കൊണ്ട് കലാ സാംസ്ക്കാരിക പ്രവർത്തനങ്ങൾക്കും ആഴം കൂട്ടേണ്ടതുണ്ട്.

## 13. ദുരന്തനിവാരണം-കാലാവസ്ഥാ വ്യതിയാനം

2018 മുതൽ തുടർന്നുള്ള വർഷങ്ങളിൽ ഉണ്ടായിട്ടുള്ള പ്രളയം ലഘൂകരിക്കുന്നതിനായി ദുരന്ത നിവാരണ പദ്ധതികൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നു. ദുരന്തത്തിന്റെ ആഘാതം കുറയ്ക്കുന്നതിനായി ദുരന്ത സാധ്യതാ മേഖലകൾ കണ്ടെത്തി മുൻകരുതൽ നടപടികൾ

സ്വീകരിക്കാൻ സാധിച്ചു. പ്രളയദുരിതാശ്വാസ ക്യാമ്പ് സംഘടിപ്പിക്കുന്നതിലേക്കായി സ്കൂൾ കെട്ടിടങ്ങൾ, അങ്കണവാടികൾ, പൊതു കെട്ടിടങ്ങൾ, ആരാധനാലയഹാളുകൾ എന്നിവയ്ക്ക് അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തി കെട്ടിടനവീകരണം നടത്തി. ടി സ്ഥലത്തേക്കുള്ള റോഡുകൾ, നടപ്പാതകൾ എന്നിവ മെയിന്റനൻസ് നടത്തി ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്.

## 14. മത്സ്യബന്ധനം

മത്സ്യത്തൊഴിലാളികളുടെ ഉന്നമനത്തിനായി മുൻവർഷങ്ങളിൽ ഒട്ടേറെ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കിയിട്ടുണ്ട്. 2023–24, 2024–25, 2025 –26 വർഷങ്ങളിൽ മുറ്റത്തൊരു മീൻതോട്ടം, മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഫർണിച്ചർ, ലൈഫ് ഭവനം (ഫിഷറീസ്), അലങ്കാര മത്സ്യവിത്തുൽപാദനവും വളർത്തലും എന്നീ പദ്ധതികൾ തയ്യാറാക്കി നിർവ്വഹണം നടത്തിവരുന്നു. നിലവിൽ കാർഷികചെലവ് കൂടുതൽ ആയതിനാൽ കൂടുതൽ കർഷകർ മത്സ്യക്കൃഷിയിലേക്ക് കടന്നു വരുവാൻ മടികാണിക്കുന്നു. മത്സ്യത്തൊഴിലാളി വിഭാഗത്തിന്റെ സമഗ്രമായ വികസനം ലക്ഷ്യമിട്ടുള്ള പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കേണ്ടതുണ്ട്. ഈ സാമ്പത്തിക വർഷം കൂട് കൃഷിക്കായി പ്രത്യേകം തുക വകയിരുത്തിയിട്ടുണ്ട്

### അദ്ധ്യായം 4

# വികസനകാഴ്ചപ്പാട്, ലക്ഷ്യങ്ങൾ, തന്ത്രം

| 1.കണക്കുകൾ , രേഖകൾ തയ്യാറാക്കൽ , ജനസേവനം കാര്യക്ഷമമാക്കൽ | | |
|---|---|---|
| നയ സമീപനം | കാഴ്ചപ്പാട് | വികസന തന്ത്രം |
| പഞ്ചായത്തിലെ ഭരണം സുഗമമാക്കുന്നതിനുവേണ്ടിയുള്ള രേഖകളുടെ ക്രോഡീകരണം സൂക്ഷിക്കാൻ സേവന സന്നദ്ധമായ ഒരു ഓഫീസ് അന്തരീക്ഷം ഒരുക്കൽ , ഐ. എസ്.ഒ സർട്ടിഫിക്കേഷൻ എന്നിവ ലക്ഷ്യ മാക്കിയിട്ടുള്ള ഓഫീസ് നവീകരണം പദ്ധതി വകുപ്പിൽ ലക്ഷ്യമിടുന്നു. | പഞ്ചായത്താഫീസ് ഒരു ജന സൗഹൃദ ഓഫീസായി മാറ്റുന്നതിനുവേണ്ടി ബാക്ക് ഓഫീസ് സജ്ജീകരിക്കുകയും ,ഐ.എസ്.ഒ സർട്ടിഫിക്കേഷൻ കിട്ടിയിട്ടുള്ളതും ആയത് നിലനിർത്തുന്നതിനുള്ള അടിസ്ഥാന സൗകര്യവികസനം ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തൽ എന്നിവ 14–ാം പഞ്ചവത്സര പദ്ധതിയിൽ ലക്ഷ്യമിടുന്നു. | പദ്ധതി വിഹിതവും തനത് ഫണ്ടും ഉൾപ്പെടുത്തിയാണ് ഇത്തരം പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. |

2. **കൃഷിയും അനുബന്ധ മേഖലകളും**

| നയസമീപനം | കാഴ്ചപ്പാട് | വികസന തന്ത്രം |
|---|---|---|
| കർഷകവികസന മേഖലയെ ശകതിപ്പെടുത്തി പഞ്ചായത്തിന്റെ സാമ്പത്തിക അടിത്തറ മെച്ചപ്പെടുത്തുക, ഭക്ഷ്യസ്വയം പര്യാപ്തത കൈവരിക്കുക, എന്നിവകൾ സാക്ഷാത്ക്കരിക്കലാണ് നയം , നവ കേരള മിഷൻ പദ്ധതിയായ ഹരിത മിഷൻ ആവിഷ്ക്കരിക്കുന്നു. | കർഷകതൊഴിലാളികളെ കാർഷിക അഭിവൃദ്ധിയിൽ നിലനിർത്തുന്നതിനും തൊഴിലവസരങ്ങളുടെ സ്ഥിരത, സുരക്ഷിതത്വം, എന്നിവ ഉറപ്പാക്കുന്നതിനും വേണ്ടി നിലവിൽ കൃഷിചെയ്യുന്നതും അല്ലാത്തതുമായ പാട ശേഖരങ്ങളെ പരമാവധി ഉൽപ്പാദന ക്ഷമത കൈവരിക്കുവാൻ പ്രാപ്തമാക്കുക. പ്രധാന പുരയിട വിളവായ തെങ്ങിന് ശാസ്ത്രീയമായ പരിചരണങ്ങളിലൂടെ മികച്ച ഉൽപ്പാദനം നേടിയെടുക്കുക . മരച്ചീനികൃഷി ശക്തമായി തന്നെ തുടങ്ങുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക, ഇടവിളയായ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക. | പദ്ധതി വിഹിതം കൂടാതെ മറ്റ് വകുപ്പുകളുടെ ധനസഹായം തുടങ്ങിയവ ഏകോപിപ്പിച്ചു കൊണ്ടുള്ള സംയോജിത പരിപാടികളിലൂടെ പൂരക പദ്ധതികൾ ഉൾപ്പെടുത്തി പുതിയ പദ്ധതി നിർദ്ദേശങ്ങൾ ആവീഷ്ക്കരിച്ചിരിക്കുന്നു. നമ്മുടെ പ്രദേശത്തെ ജലസുരക്ഷയിലേക്കും പാരിസ്ഥിതിക സുരക്ഷയിലേക്കും നയിക്കുക. |

## 3. <u>ക്ഷീരവികസനവും മൃഗ സംരക്ഷണവും</u>

| നയസമീപനം | കാഴ്ചപ്പാട് | വികസന തന്ത്രം |
|---|---|---|
| പഞ്ചായത്ത് പ്രദേശത്തിന്റെ വികസന പ്രദേശങ്ങൾ മനസ്സിലാക്കി പരിമിതമായ വിഭവങ്ങൾ ഉപയോഗിച്ച് പരമാവധി നേട്ടങ്ങൾ കൈവരിക്കുന്നതിന് വേണ്ടിയാണ് 14–ാം പഞ്ചവത്സര പദ്ധതി ലക്ഷ്യമിടുന്നത്. | 14–ാം പഞ്ചവത്സര പദ്ധതിയിൽ ക്ഷീരോല്പാദനം വർദ്ധിപ്പിക്കുന്നതിനും മൃഗ/പക്ഷി സമ്പത്ത് വർദ്ധിപ്പിക്കന്നതിനും പ്രാധാന്യം നൽകുന്നു. വിജ്ഞന വ്യാപനം, രോഗനിർണ്ണയം, ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ , രോഗപ്രതിരോധ പ്രവർത്തനങ്ങൾ മൃഗാശുപത്രിയുടെയും ഉപകേന്ദ്രങ്ങളുടെയും സൗകര്യം മെച്ചപ്പെടുത്തൽ , സ്വാശ്രായ കർഷക ഗ്രൂപ്പുകൾക്ക് രൂപം നൽകൽ , കർഷകർക്ക് സാമൂഹിക സുരക്ഷിതത്വം എന്നിവ ലക്ഷ്യമിടുന്നു. | പദ്ധതി വിഹിതം ഗുണഭോക്തൃ വിഹിതം ബാങ്ക് വായ്പകളുടെ ധനസഹായം തുടങ്ങിയവ ഏകോപിച്ചുകൊണ്ടുള്ള സംയോജിത പരിപാടികളിലൂടെയുള്ള പൂരകപദ്ധതികൾ ഉൾപ്പെടുത്തി പുതിയ പദ്ധതി നിർദ്ദേശങ്ങൾ ആവിഷ്ക്കരിച്ചിരിക്കുന്നു. |

## 4.ചെറുകിട വ്യവസായം

| നയസമീപനം | കാഴ്ചപ്പാട് | വികസന തന്ത്രം |
|---|---|---|

| | | |
|---|---|---|
| കാർഷിക മൃഗസംരക്ഷണ മേഖലയിലെ വിവിധ പദ്ധതികൾ വഴി ഉൽപ്പാദനവും ഉല്പ്പാദന ക്ഷമതയും വർദ്ധിപ്പിച്ച് പ്രാദേശിക സാമ്പത്തിക സാമ്പത്തിക വികസനം സാധ്യമാക്കുക. | ചെറുകിട വ്യവസായങ്ങൾ കുടുംബശ്രീ യൂണിറ്റുകളുടെ ആഭിമുഖ്യത്തിൽ ആരംഭിക്കുന്നതിനും പദ്ധതിക്കാലത്ത് ലക്ഷ്യമിടുന്നു. | പദ്ധതി വിഹിതം , തനത് ഫണ്ട്, ഗുണഭോക്തൃ വിഹിതം കുടംബശ്രീമിഷൻ ധനസഹായം , ബ്ലോക്ക് ജില്ലാ പഞ്ചായത്ത് വിഹിതം എന്നിവ ഏകോപിപ്പിച്ചു കൊണ്ടുള്ള പദ്ധതി നടപ്പിൽ വരുത്തുന്നു. |

## 5.പൊതുമരാമത്ത്

| നയസമീപനം | കാഴ്ചപ്പാട് | വികസന തന്ത്രം |
|---|---|---|
| വികസനം അനിവാര്യമായ റോഡുകൾ, പട്ടികജാതി മേഖലയിലെ റോഡുകൾ എന്നിവയ്ക്ക് പ്രാധാന്യം നൽകിയുള്ള പൊതുഗതാഗതം മെച്ചപ്പെടുത്തൽ ലക്ഷ്യമിടുന്നു. കൂടാതെ അടിസ്ഥാന സൗകര്യ വികസനത്തിന് വഴി വിളക്കുകൾ എല്ലായിടത്തും എത്തിക്കുക എന്നിവയ്ക്കും പ്രാധാന്യം നൽകിയുള്ള പൊതു ഗതാഗതം മെച്ചപ്പെടുത്തൽ ലക്ഷ്യമിടുന്നു. പൊതു കെട്ടിടങ്ങൾ നിർമ്മിക്കുക. | മെയിന്റനൻസ് ആവശ്യമായ എല്ലാ റോഡുകൾക്കും ധനസ്ഥിതി അനുസരിച്ച് പരമാവധി മെയിന്റനൻസ് നടത്തി ഗതാഗത യോഗ്യമാക്കുക. ഉന്നതികളിൽ നടപ്പാതകൾ ,കോൺക്രീറ്റ് റോഡുകൾ ഓടകൾ എന്നിവ സ്ഥാപിക്കുക. പൊതുകെട്ടിടങ്ങൾ എന്നിവയ്ക്കും പ്രാധാന്യം നൽകുന്നു. നിലവിലുള്ള എല്ലാ വഴിവിളക്കുകളും പ്രകാശിപ്പിക്കുകയും വഴി വിളക്കുകൾ ഇല്ലാത്തിടങ്ങളിൽ അവ സ്ഥാപിക്കുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു. | പദ്ധതി വിഹിതം മെയിന്റനൻസ് ഫണ്ട് ഗുണഭോക്തൃവിഹിതം എം.പി/എം.എൽ എ ഫണ്ടുകൾ ജില്ലാ ബ്ലോക്ക് വിഹിതങ്ങൾ തനത് ഫണ്ട് എന്നിവ ഏകോപിപ്പിച്ചു കൊണ്ടുള്ള സംയോജിത പരിപാടികളിലൂടെ പദ്ധതികൾ നടപ്പിലാക്കുന്നു. |

## 6. ദാരിദ്ര്യ ലഘൂകരണം

| **നയസമീപനം** | **കാഴ്ചപ്പാട്** | **വികസന തന്ത്രം** |
|---|---|---|
| ജനങ്ങളുടെ അടിസ്ഥാനപ്രശ്നങ്ങൾ മനസ്സിലാക്കി അവർക്കാവശ്യമായ ഭവനം, വസ്തു, കുടിവെള്ളം എന്നിവ നൽകി അവരെ മുഖ്യധാരയിലേക്ക് എത്തിക്കുവാൻ വേണ്ട പദ്ധതികൾ നടപ്പിലാക്കുക. കൂടാതെ നവകേരള മിഷൻ പദ്ധതിയായ ലൈഫ് നടപ്പിലാക്കുക. | 14–ാം പദ്ധതിയിൽ ഭവന രഹിതർക്ക് ഭവനം, ഭൂരഹിതർക്ക് ഭൂമി, കുടിവെള്ളകിണർ, ഭവനം മെയിന്റനൻസ് സഹായം എന്നിവ നൽകുക എന്നിവ ലക്ഷ്യമിടുന്നു. | പദ്ധതി വിഹിതം, തനത് ഫണ്ട്, ജില്ലാ വിഹിതം, പട്ടിക ജാതി വികസന വകുപ്പിന്റെ സഹായം, ഗുണഭോക്തൃ വിഹിതം എന്നിവ ഉപയാഗപ്പെടുത്തി പദ്ധതി നടപ്പിലാക്കുന്നു. എല്ലാവർക്കും അടുത്ത 5 വർഷത്തിനുള്ളിൽ ഭവനം |

## 7. സാമൂഹ്യക്ഷേമം

| **നയസമീപനം** | **കാഴ്ചപ്പാട്** | **വികസന തന്ത്രം** |
|---|---|---|
| സമൂഹത്തിൽ വളരെയധികം ദുരിതമനുഭവിക്കുന്ന ജനവിഭാഗങ്ങളായ വൃദ്ധരെയും ഭിന്നശേഷിയുള്ളവരെയും സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിനുവേണ്ടിയുള്ള | അവഗണന അനുഭവിക്കുന്നവരും ദുർബല വിഭാഗത്തിൽപ്പെട്ടവരുമായി പഞ്ചായത്തിലെ വൃദ്ധ ജനങ്ങളുടെയും രോഗികളുടെയും സംരക്ഷണത്തിനായി പദ്ധതി, ശാരിരിക മാനസിക | പദ്ധതി വിഹിതം, ജില്ലാ–ബ്ലോക്ക് വിഹിതം, തനത് ഫണ്ട് എന്നിവ ഉപയോഗപ്പെടുത്തി പദ്ധതി നടപ്പിലാക്കുന്നു. |

| | | |
|---|---|---|
| പദ്ധതികൾക്ക് മുൻഗണന | വെല്ലുവിളികൾ നേരിടുന്നവർക്ക് ബഡ്സ് സ്കോളർഷിപ്പ്, അംഗനവാടി നിർമ്മാണം , മെയിന്റനൻസ് ജാഗ്രതസമിതിയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ | |

## 8. പട്ടികജാതി വികസനം

| നയസമീപനം | കാഴ്ചപ്പാട് | വികസന തന്ത്രം |
|---|---|---|
| പട്ടികജാതി പട്ടികവർഗ്ഗ മേഖലകളിൽ ആവശ്യമായി പരിഷ്ക്കാരങ്ങൾ വരുത്തി സമഗ്രമാക്കിയിട്ടുള്ള വികസന പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുക. അവരുടെ സാമൂഹിക ചുറ്റുപാടുകൾ ഉയർത്തുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും വേണ്ടിയുള്ള പദ്ധതികൾ നടപ്പിലാക്കുന്നു. | പട്ടികജാതി പട്ടികവർഗ്ഗ മേഖലകളും സമഗ്രവികസനം ലക്ഷ്യമാക്കി ആ പ്രദേശങ്ങളിൽ റോഡുകൾ, നടപ്പാതകൾ എന്നിവ നിർമ്മിക്കുക, റോഡുകൾ മെയിന്റനൻസ് നടത്തുക, ലൈഫ് പദ്ധതി, ഭവനരഹിതർക്ക് ഭവനം, കക്കൂസ്, കുടിവെള്ളം എന്നിവയ്ക്ക് മുൻഗണന നൽകി കൊണ്ടുള്ള പദ്ധതികൾ ലക്ഷ്യമിടുന്നു. | ലഭ്യമാകുന്ന പ്രത്യേക ഘടക പദ്ധതി വിഹിതം പൂർണ്ണമായും ഈ മേഖലകളുടെ വികസനത്തിനായി ചെലവഴിച്ചുകൊണ്ടും ജില്ലാ ബ്ലോക്ക് വിഹിതവും പട്ടികജാതി വികസന വകുപ്പിന്റെ പദ്ധതികളും സംയോജിപ്പിച്ചുകൊണ്ട് പദ്ധതി നടപ്പിലാക്കുന്നു. |

## 9. സ്ത്രീകളുടെയും കുട്ടികളുടെയും വികസനം

| നയസമീപനം | കാഴ്ചപ്പാട് | വികസന തന്ത്രം |
|---|---|---|
| സാമൂഹികം , സാമ്പത്തികം , വിദ്യാഭ്യാസം , ആരോഗ്യം എന്നീ മേഖലകളിൽ സ്ത്രീയുടെ പദവി ഉയർത്തുന്നതിന് 14–ാം പഞ്ചവത്സര പദ്ധതി ലക്ഷ്യമിടുന്നു. പെൺകുട്ടികളുടെയും ശിശുക്കളുടെയും ആരോഗ്യപൂർണ്ണമായ ഭാവിയും ചൂഷണത്തിൽ നിന്നും അതിക്രമങ്ങളിൽ നിന്നും ഉള്ള മോചനവും ലക്ഷ്യമിടുന്നു. | വൈവിദ്ധ്യമാർന്ന വനിതാവികസന പദ്ധതികൾ സംഘടിപ്പിക്കുക. തൊഴിൽ സംരഭങ്ങൾക്ക് രൂപം നൽകുക, കാർഷിക മേഖലയിൽ പങ്കാളിത്തം വർദ്ധിപ്പിക്കുക. എന്നിവയക്ക് മുൻഗണന നൽകുന്നു. കുടുംബശ്രീ, തുടർ വിദ്യാകേന്ദ്രങ്ങൾ വഴി സ്ത്രീകളുടെ കൂട്ടായ്മ വളർത്തുന്നതിനും ജാഗ്രതാസമിതിയുടെ ഊർജസ്വലമായ പ്രവർത്തനങ്ങളിലൂടെ സ്ത്രീ ശക്തീകരണവും അംഗനവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തൽ ഭൗതീക സാഹചര്യം വർദ്ധിപ്പിക്കൽ, പോഷകാഹാരം വിതരണം എന്നിവക്ക് പദ്ധതിയിൽ മുൻഗണന നൽകിയിരിക്കുന്നു. | പദ്ധതി വിഹിതത്തിനു പുറമേ തനത്ഫണ്ട് ബ്ലോക്ക് ജില്ലാ വിഹിതങ്ങൾ , സംസ്ഥാന കേന്ദ്രാവീഷ്കൃത സഹായങ്ങൾ എന്നിവ സംയോജിപ്പിച്ച് കൊണ്ട് പദ്ധതി നടപ്പിലാക്കുന്നു. |

## 10. ആരോഗ്യം

| നയസമീപനം | കാഴ്ചപ്പാട് | വികസന തന്ത്രം |
| --- | --- | --- |
| ആരോഗ്യമേഖലയുടെസമഗ്ര പുരോഗതി ലക്ഷ്യമിട്ടുകൊണ്ട് രോഗ നിർണ്ണയ ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ രോഗപ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തൽ ഔഷധ ലഭ്യത ഉറപ്പു വരുത്തൽ എന്നിവ ലക്ഷ്യമിടുന്നു. ആരോഗ്യ രംഗത്ത് ആർദ്രം പദ്ധതിയുമായുള്ള സമീപനം | അനാഥത്വത്തിന്റെയും അവഗണനയുടെയും തുരുത്തിൽപ്പെട്ടവർക്ക് ആശ്വാസമായി പാലിയേറ്റീവ് കെയർ പദ്ധതിയും വൃദ്ധർക്കും രോഗികൾക്കും ആയുർവേദ ഹോമിയോ ആശുപത്രികൾ മുഖേന മരുന്നു നൽകൽ എന്നിവ നടപ്പിലാക്കി ആരോഗ്യ പൂർണ്ണമായ സാമൂഹ്യ സൃഷ്ടി ലക്ഷ്യമിടുന്നു. | പദ്ധതി വിഹിതം , തനത് ഫണ്ട്, ജില്ലാബ്ലോക്ക് പഞ്ചായത്ത് വിഹിതം എന്നിവ ഏകോപിപിച്ചുകൊണ്ടുള്ള പദ്ധതികളാണ് ലക്ഷ്യമിടുന്നത്. മികച്ച ചികിത്സാസൗകര്യങ്ങൾ മിതമായ നിരക്കിൽ ലഭ്യമാക്കൽ |

## 11. കുടിവെള്ളം , ശുചിത്വം

| നയസമീപനം | കാഴ്ചപ്പാട് | വികസന തന്ത്രം |
| --- | --- | --- |
| ശുദ്ധജലലഭ്യതയും കുടിവെള്ളത്തിന്റെ ദൗർലഭ്യം പരിഹരിക്കലും, ശുചിത്വ പൂർണ്ണമായ പരിസരവും 14–ാം പഞ്ചവത്സര പദ്ധതിയിൽ ലക്ഷ്യമിടുന്നു. | ജല ദൗർലഭ്യമുള്ള മേഖലകളിലും പട്ടികജാതി പട്ടിക വർഗ്ഗ മേഖലകളിലും കുടിവെള്ള മെത്തിക്കലും ജലവിതരണം മെച്ചപ്പെടുത്തുവാനും വെള്ളക്കരം വാട്ടർ അതോറിറ്റിക്ക് നൽകൽ, ഖര മാലിന്യ നിർമ്മാർജ്ജനം , സമഗ്രശുചീകരണ പ്രവർത്തനങ്ങൾ എന്നിവ പദ്ധതിയിൽ ലക്ഷ്യമിടുന്നു. | പദ്ധതി വിഹിതവും ബ്ലോക്ക് ജില്ലാ പഞ്ചായത്തുകളുടെ വിഹിതവും ശുചിത്വ മിഷന്റെയും സഹായത്താൽ സംയോജിപ്പിച്ചുകൊണ്ടുള്ള പദ്ധതികൾ ലക്ഷ്യമിടുന്നു. |

## 12.വിദ്യാഭ്യാസം, സംസ്ക്കാരം, കലാകായിക വികസനം യുവജനക്ഷേമം

| നയസമീപനം | കാഴ്ചപ്പാട് | വികസന തന്ത്രം |
| --- | --- | --- |
| സംസ്ക്കാരം , കായിക വികസനം , യുവജനക്ഷേമം വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും വിദ്യാർത്ഥികളുടെയും സമഗ്ര വികസനവും സമഗ്ര സ്പോർട്ട്സ് വികസനവും പദ്ധതിയിൽ ലക്ഷ്യമിടുന്നു. | എസ്.എസ്.എ, ശാരിരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ്, വിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ എന്നിവയിലൂടെ വിദ്യാഭ്യാസ മേഖലയുടെ ഉന്നമനവും ക്ലബ്ബുകൾക്ക് സ്പോർട്സ് സമഗ്ര സ്പോർട്സ് വികസനം എന്നിവയിലൂടെ യുവജനങ്ങളുടെ കായിക വികസനവും ലക്ഷ്യമിടുന്നു. | പദ്ധതി വിഹിതവും സംസ്ഥാനാവിഷ്കൃത പദ്ധതികളുടെ വിഹിതവും തനത് ഫണ്ടും സംയോജിപ്പിച്ചുകൊണ്ട് പദ്ധതികൾ നടപ്പിലാക്കുന്നു. കുട്ടികളുടെ കഴിവും കേവലം വിഷയ പഠനത്തിൽ ഒതുക്കാതെ എല്ലാ കഴിവുകളും വികസിപ്പിക്കുന്ന തരത്തിൽ സമഗ്ര വികസനം ലക്ഷ്യമാക്കുന്നു. |

## 13.മത്സ്യബന്ധനം

| നയസമീപനം | കാഴ്ചപ്പാട് | വികസന തന്ത്രം |
| --- | --- | --- |

| | | |
|---|---|---|
| മത്സ്യകർഷകരെ വാർത്തെടുത്ത് ഭക്ഷ്യോത്പാദന<br><br>മേഖല<br><br>സ്വയംപര്യാപ്തത കൈവരിക്കുന്നതിനുവേണ്ടി<br><br>പദ്ധതി നടപ്പിലാക്കുന്നു. | മത്സ്യമേഖലയിൽ<br><br>സ്വയം പര്യാപ്തതയ്ക്കായി<br><br>മത്സ്യകൃഷി<br><br>പദ്ധതി<br><br>ആവിഷ്കരിച്ച് നടപ്പിലാക്കു<br><br>ന്നതിനായി പദ്ധതി ലക്ഷ്യമി<br><br>ടുന്നു. | ഫിഷറീസ് വകുപ്പിന്റെ ഗ്രാമ-<br><br>ബ്ലോക്ക് ഫണ്ടും പഞ്ചായത്ത്<br><br>ഫണ്ടും ഉപയോഗിച്ച് നടപ്പിലാ<br><br>ക്കുന്നു. |

## 14. ദുരന്തനിവാരണം

| നയസമീപനം | കാഴ്ചപ്പാട് | വികസന തന്ത്രം |
|---|---|---|
| ദുരന്തം നേരിടുന്നമേഖലകൾ മുൻക്കു കണ്ടെത്തി പ്രശ്നങ്ങൾ ചർച്ചചെയ്യുകയും ആയതിന്റെ കാഠിന കുറയ്ക്കുന്നതിനായി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക ചെയ്യുന്നു. | പ്രളയം നേരിട്ട പ്രദേശങ്ങളിലെ ജനങ്ങ സംരക്ഷിക്കുന്നതിനായി സ്കൂളുകൾ ആഡിറ്റോറിയങ്ങൾ പൊതുകെട്ടിടങ്ങ അറ്റകുറ്റപണികൾ നടത്തി കൂടാതെ പാതകൾ ഗതാഗതയോഗ്യമാക്കി സജ്ജമാക്കുന്നു. അടിയന്തരഘട്ടങ്ങളി അതിജീവനം നൽകുന്നതിന് പദ്ധതി ലക്ഷ്യമിടുന്നു. | ദുരന്തനിവാരണ വകുപ്പിന്റെ ഫണ്ടും പഞ്ചായത്ത് ത്രിതല പഞ്ചായത്ത് ഫ സംയോജിപ്പിച്ച് കൊണ്ട് നടപ്പിലാക്കു |

**അദ്ധ്യായം 5**

# <u>വിഭവ സ്രോതസ്സുകളും വകയിരുത്തലുകളും</u>

<table>
<tr><td colspan="6">ഫാറം –7</td></tr>
<tr><td colspan="6">പതിനാലാം പഞ്ചവത്സര പദ്ധതി : വിഭവ വകയിരുത്തൽ</td></tr>
<tr><td colspan="6">ആദിച്ചനല്ലൂർ ഗ്രാമപ്പഞ്ചായത്ത് 2026–27 വാർഷികപദ്ധതി</td></tr>
<tr><td colspan="6">1. വിഭവസ്രോതസ്സുകൾ</td></tr>
<tr><td>ക്രമ നം</td><td colspan="4">വിഭവ സ്രോതസ്സുകൾ</td><td>വകയിരുത്തുന്ന തുക (രൂപ)</td></tr>
<tr><td>(1)</td><td colspan="4">(2)</td><td>(3)</td></tr>
<tr><td rowspan="6">1</td><td rowspan="6">വികസന ഫണ്ട്</td><td>I</td><td colspan="2">സാധാരണ വിഹിതം</td><td>3,84,48,000</td></tr>
<tr><td>II</td><td colspan="2">പട്ടികജാതി ഉപപദ്ധതി</td><td>1,11,05,000</td></tr>
<tr><td>III</td><td colspan="2">പട്ടികവർഗ ഉപപദ്ധതി</td><td>0</td></tr>
<tr><td rowspan="2">IV</td><td rowspan="2">പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാൻറ്</td><td>ബേസിക്ക്</td><td>0</td></tr>
<tr><td>ടൈഡ്</td><td>0</td></tr>
<tr><td></td><td colspan="2">ആകെ</td><td>4,95,53,000</td></tr>
<tr><td rowspan="3">2</td><td rowspan="3">മെയിൻറനൻസ് ഫണ്ട്</td><td>I</td><td colspan="2">റോഡ് ഇതരം</td><td>1,23,92,000</td></tr>
<tr><td>II</td><td colspan="2">റോഡ്</td><td>2,09,56,000</td></tr>
<tr><td></td><td colspan="2">ആകെ</td><td>3,33,48,000</td></tr>
<tr><td>3</td><td colspan="4">പതിനഞ്ചാം ധനകാര്യ കമ്മീഷൻ ആരോഗ്യ ഗ്രാൻറ്</td><td>0</td></tr>
<tr><td>4</td><td colspan="4">പതിനഞ്ചാം ധനകാര്യ കമ്മീഷൻ ആരോഗ്യ ഗ്രാൻറ് നഗര സഞ്ചയ ഗ്രാൻറ്</td><td>0</td></tr>
<tr><td>5</td><td colspan="4">തനത് ഫണ്ട് (ജനറൽ പർപ്പസ് ഫണ്ട് ഉൾപ്പടെ)</td><td>1,67,74,700</td></tr>
<tr><td>6</td><td colspan="4">സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം</td><td>5390000</td></tr>
<tr><td>7</td><td colspan="4">കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം</td><td>29,00,000</td></tr>
<tr><td>8</td><td colspan="4">വായ്പ– സഹകരണ സ്ഥാപനങ്ങളിൽ നിന്ന്</td><td>0</td></tr>
<tr><td>9</td><td colspan="4">വായ്പ– മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന്</td><td>0</td></tr>
</table>

| | | | | |
|---|---|---|---|---|
| 10 | ഗുണഭോക്തൃ വിഹിതം പഞ്ചായത്തിൽ അടയ്ക്കുന്നത് | | | 0 |
| 11 | ഗുണഭോക്താവ് നേരിട്ട് ചെലവഴിക്കുന്ന ഗുണഭോക്തൃവിഹിതം | | | 44,99,150 |
| 12 | സന്നദ്ധ സേവനം | | | 0 |
| 13 | സംഭാവന | | | 0 |
| 14 | മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള വിഹിതം | I | ഗ്രാമപഞ്ചായത്തുകളിൽ നിന്ന് | 0 |
| | | II | ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് | 23,00,000 |
| | | III | ജില്ലാ പഞ്ചായത്തിൽ നിന്ന് | 24,50,000 |
| | | IV | മുനിസിപ്പാലിറ്റിയിൽ നിന്ന് | 0 |
| | | V | കോർപ്പറേഷനിൽ നിന്ന് | 0 |
| | | VI | നഗരസഞ്ചയ ഗ്രാൻറിൽ നിന്ന് | 0 |
| | | | ആകെ | 32,00,000 |
| 15 | മറ്റുള്ളവ | | | 13544,150 |
| 16 | ആകെ മൊത്തം | | | 12,62,59,850 |

## അദ്ധ്യായം 6

# പ്രോജക്ടുകളും അവയുടെ വിശദാംശങ്ങളും

## അദ്ധ്യായം 7

# പ്രത്യേക പദ്ധതികൾ/പരിപാടികൾ

## ദാരിദ്ര്യ ലഘൂകരണ ഉപപദ്ധതി

ആസൂത്രണം ഇന്ന് നേരിടുന്ന പ്രധാന വെല്ലുവിളികൾ പ്രാദേശിക സാമ്പത്തിക വളർച്ച യിലെ മുരടിപ്പ് , തൊഴിലില്ലായ്മ , ദാരിദ്യം എന്നിവയാണ് കഴിഞ്ഞ പദ്ധതികളിൽ ഉല്പ്പാദനം വർദ്ധിപ്പിക്കുന്നതിനും മൊത്തം ദേശീയ വരുമാനം വർദ്ധിപ്പിക്കുന്നതിനുമാണ് മുൻതൂക്കം നൽകിയിരിക്കുന്നത്. ഇത് മൂലം ദാരിദ്ര്യം തുടച്ചു നീക്കാമെന്ന നിഗമനത്തിലായിരുന്നു ഇതിന്റെ സംഘാടകർ. ഇതിന്റെ പ്രയോജനം പ്രത്യക്ഷത്തിൽ സാധാരണക്കാർക്ക് ലഭിച്ചില്ല . അതിനാൽ 10–ാം പഞ്ചവത്സരപദ്ധതി മുതൽ അതിന്റെ സമീപത്തിൽ മാറ്റം വരുത്തുകയും ദാരിദ്യ നിർമ്മാർജ്ജനം ഒരു ലക്ഷ്യമായി അംഗീകരിക്കപ്പെടുകയും ചെയ്തിട്ടുള്ളതാണ്. ദാരിദ്ര്യം ലഘൂകരിക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാനാണ് ഉദ്ദേശം. ദാരിദ്ര്യം അനുഭവിക്കുന്ന ജനതയെ മോചിപ്പിക്കുന്നതിനായി ഭക്ഷണം, പാർപ്പിടം, കുടിവെള്ളം ശുചിത്വസൗകര്യങ്ങൾ, തൊഴിൽ, വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ, ആരോഗ്യം, സുരക്ഷിതത്വം എന്നിവ ഉറപ്പാക്കാൻ സാധിക്കുന്ന തരത്തിൽ പദ്ധതികൾ നടപ്പിലാക്കി ഈ വിഭാഗം ജനതയെ മോചന മാർഗ്ഗത്തിൽ കൈപിടിച്ച് ഉയർത്തിയിരിക്കുന്നു.

## വനിതാ ഘടകപദ്ധതി

കേരളത്തിലെ സ്ത്രീകളുടെ മെച്ചപ്പെട്ട അവസ്ഥ പലരും പ്രകീർത്തിച്ചിട്ടുള്ളതാണ് . ഉയർന്ന സാക്ഷരത, മെച്ചപ്പെട്ട ആരോഗ്യം, സ്ത്രീകൾക്ക് അനുകൂലമായ മറ്റ് സാമൂഹ്യ നേട്ടങ്ങൾ എന്നിവ ഇതിൽ ഉൾപ്പെടുത്താം. സ്ത്രീ സമൂഹം അപൂർവ്വമായ ഈ ബഹുമതി അവകാശപ്പെടുമ്പോൾത്തന്നെ സങ്കീർണ്ണമായ പല പ്രശ്നങ്ങളും ഉള്ളതായി ഓർക്കണം.

കേരളത്തിലെ സ്ത്രീകളുടെ വിദ്യാഭ്യാസവും ആരോഗ്യവും ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ സംബന്ധിച്ചിടത്തോളം ഉയർന്നതാണ്. എന്നാൽ സാമ്പത്തിക മേഖലയിൽ നിന്നും സ്ത്രീസമൂഹം പിൻതള്ളപ്പെട്ടുകൊണ്ടിരിക്കുന്നു. സ്ത്രീകളുടെ സാമ്പത്തിക പദവിപോലെ അവരുടെ സാമൂഹിക പദവിയും തരാതരമായി തുടരുന്നു.

ആസൂത്രണ പ്രവർത്തനങ്ങളിൽ സ്ത്രീകൾക്ക് അർത്ഥവത്തായ പങ്കാളിത്തം ഉറപ്പു വരുത്തികൊണ്ടു മാത്രമേ കേരളത്തിലെ സ്ത്രീവികസന പ്രവർത്തനങ്ങൾക്ക് പരിഹാരം കാണാൻ കഴിയൂ. ആസൂത്രണത്തിന്റെ ഓരോ ഘട്ടത്തിലും സ്ത്രീ പരിഗണനയും പങ്കാളിത്തവും ഉറപ്പു വരുത്തുന്നതിന് പ്രത്യേകം നിഷ്കർഷിട്ടുണ്ട്. ഓരോ വർഷത്തിലും പദ്ധതിയ്ക്ക് അനുവദിക്കുന്ന മൊത്തം തുകയുടെ പത്ത് ശതമാനം സ്ത്രീ വികസന പരിപാടികൾക്കായി പ്രത്യേകം മാറ്റിവച്ച് ചെലവാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ഗുണഭോക്താക്കളിൽ ഗണ്യമായ ഭാഗം സ്ത്രീകളാണെന്ന് വർദ്ധിച്ച സ്ത്രീപങ്കാളിത്തത്തിലുള്ള ഒരു കാരണമായി പറയാറുണ്ട്. സ്ത്രീ പങ്കാളിത്തത്തിന്റെ ഒരു പ്രധാന പ്രേരകഘടകം വനിതാ പ്രതിനിധികളുടെ സാന്നിദ്ധ്യവും അവരുടെ ഇടപെടലുകളുമാണ്.

## പട്ടികജാതി വികസന പരിപാടികൾ

പട്ടികജാതി വിഭാഗത്തിൽ ചുരുക്കം ചിലരെ ഒഴിച്ചുനിർത്തിയാൽ ബാക്കി എല്ലാവരും കർഷക തൊഴിലാളികളും മറ്റ് ഉപതൊഴിൽ രംഗത്ത് പ്രവൃത്തി എടുത്തു വരുന്നവരുമാണ്. കാർഷിക രംഗത്തായുള്ള മുരടിപ്പ് ഈ വിഭാഗത്തിൽപ്പെട്ട ഒരു വലിയ വിഭാഗം തൊഴിലില്ലായ്മയെ നേരിട്ടുവരുന്നു. പട്ടികജാതി ഉന്നതികൾ മിക്കതും ഇപ്പോഴും ദാരിദ്ര്യത്തിന്റെ തുരുത്തുകളായി അവശേഷിക്കുന്നു. സ്ത്രീ വിഭാഗത്തിൽ സാക്ഷരത വളരെ കുറവായിട്ടാണ് കാണപ്പെടുന്നത് ഈ കുറവ് അവരുടെ ജീവിതത്തെയും ബാധിച്ചിട്ടുണ്ട്. ഈ വിഭാഗത്തിലെ സ്ക്കൂളിൽ പോകുന്ന കുട്ടികളുടെ കൊഴിഞ്ഞുപോക്ക് ഇന്നും ഒരു പ്രശ്നമായി തുടരുന്നു. പ്രത്യേക ഉന്നതികളിൽ കൂട്ടായി താമസിക്കുന്നത് മൂലം സമൂഹത്തിൽ നിന്ന് ഒറ്റപ്പെട്ട് ജീവിതം നയിക്കുവാൻ പ്രേരിതമാക്കുന്നു. ഈ ഉന്നതി സംസ്ക്കാരം ഇവരെ പുരോഗതിയിലേക്ക് നയിക്കുന്നതിൽ നിന്നും ഇന്നും തടസ്സമായി നിൽക്കുകയാണ്. ഉന്നതികളുടെ നവീകരണം ഗ്രാമപഞ്ചായത്തിനു മാത്രം ഏറ്റെടുത്ത് പൂർത്തിയാക്കുവാൻ സാധിക്കുന്നതല്ല. ഇതിനായി സംയോജിത പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്.

## പ്രത്യേക വിഭാഗങ്ങൾക്കുള്ള പദ്ധതികൾ

വൃദ്ധർ, ശാരീരിക മാനസിക വെല്ലുവിളി, ശിശുക്കൾ, ഭിന്നശേഷിയുള്ളവർ, പാലിയേറ്റീവ് തുടങ്ങിയവരുടെ സംരക്ഷണത്തിനായി പദ്ധതി വിഹിതത്തിന്റെ 5 % തുക മാറ്റിവെയ്ക്കേണ്ടതുണ്ട്. ഈ വിഭാഗങ്ങൾക്കുവേണ്ടി സമഗ്രമായ പദ്ധതിയാണ് ഈ വാർഷിക പദ്ധതിയിലും രൂപകൽപന ചെയ്തിരിക്കുന്നത്. വയോജനങ്ങൾക്ക് പ്രത്യേക പദ്ധതികൾ, ബി. ആർ സി യുടെ പ്രവർത്തനം, പാലിയേറ്റീവ് സ്നേഹസ്പർശം എന്നി ഇവയിൽ എടുത്ത് പറയേണ്ടവയാണ്.

## മെയിന്റനൻസ് പദ്ധതി

ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിന് കൈമാറികിട്ടിയ സ്ഥാപനങ്ങളാണ് കൃഷി ആഫീസ്, മൃഗാശുപത്രി, കൈതക്കുഴി ഗവ എൽ പി. എസ് , മൈലക്കാട് ഗവ എൽ. പി.എസ്, ആദിച്ചനല്ലൂർ ഗവ. എൽ .പി.എസ്, ഹോമിയോ ആശുപതി, പ്രാഥമികാരോഗ്യകേന്ദ്രം, ഉപകേന്ദ്രങ്ങൾ വില്ലേജ് എക്സ്റ്റൻഷൻ ആഫീസ് , അംഗനവാടികൾ ( 34എണ്ണം) എന്നിവ. ഇവയുടെ സംരക്ഷണത്തിനായി സർക്കാർ അനുവദിക്കുന്ന മെയിന്റനൻസ് ഗ്രാന്റ്, നോൺ റോഡ് തുക ചെലവഴിക്കാവുന്നതാണ്. ഇവയ്ക്കു പുറമേ പഞ്ചായത്തിലെ റോഡുകളുടെ പരിപാലനത്തിനായി റോഡ് മെയിന്റനൻസ് ഫണ്ടും വകയിരുത്തിയിട്ടുണ്ട്.

## പഞ്ചായത്തിന് വിട്ടുകിട്ടിയ ആസ്തികളുടെ വിവരങ്ങൾ

| ആസ്തിയുടെ പേര് | ഇപ്പോഴത്തെ അവസ്ഥ | ആവശ്യമായ സംരക്ഷണ പ്രവർത്തനങ്ങൾ |
|---|---|---|
| യു.പി.എസ് കെട്ടിടം ആദിച്ചനല്ലൂർ | കെട്ടിടം സുരക്ഷിതമാണ് | വാർഷിക മെയിന്റനൻസ് പെയിന്റിംഗ് ,ക്ലാസ് മുറികൾ , ലബോറട്ടറി സൗകര്യം ലഭ്യമാക്കണം |
| എൽ.പി.എസ് കൈതക്കുഴി | കെട്ടിടം സുരക്ഷിതമാണ് | ചുറ്റുമതിൽ പൂർത്തിയാക്കണം<br>ലബാറട്ടറി സൗകര്യം ഒരുക്കണം, |
| എൽ.പി. എസ് മൈലക്കാട് | ക്ലാസ്മുറികളും കെട്ടിടവും ഉണ്ട്, അത്യാവശ്യ മെയിന്റനൻസ് പ്രവൃത്തികൾ ആവശ്യമാണ് | പാചകപ്പുരയും ഉച്ചഭക്ഷണ പാത്രങ്ങളും ആവശ്യത്തിന് നൽകണം, ലൈബ്രറി സൗകര്യം ഒരുക്കണം, വാർഷിക മെയിന്റനൻസ് |
| കൃഷിഭവൻ ആദിച്ചനല്ലൂർ | ഫർണീച്ചർ ഉണ്ട്. ട്രില്ലർ, സ്പ്രെയർ, കൊയ്ത്ത് മെതിയന്ത്രം എന്നിവ സ്വന്തമായി ഉണ്ട്. ഉപയോഗക്ഷമമാണ് ഏലാസമിതികളുടെ സംരക്ഷണത്തിലും ഉപയോഗത്തിലുമാണ് | വാർഷിക പരിപാലനം |
| മൃഗാശുപത്രി | സ്വന്തംസ്ഥലം, കെട്ടിടം, മറ്റനുബന്ധ സൗകര്യങ്ങൾ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഉണ്ട്. | മെയിന്റനൻസ് ആവശ്യമാണ് |
| അംഗനവാടികൾ | പഞ്ചായത്തിൽ ആകെയുള്ള 34 അംഗനവാടികളിൽ 10 എണ്ണത്തിന് സ്വന്തമായി കെട്ടിടമില്ല | കെട്ടിടമില്ലാത്ത അഗനവാടികളിൽ സ്വന്തമായി വസ്തുവും കെട്ടിടവും ഉറപ്പാക്കുക. |
| ഹോമിയോ ആശുപത്രി | സ്വന്തം സ്ഥലം, കെട്ടിടം, ഫർണിച്ചർ, കമ്പ്യൂട്ടർ സൗകര്യങ്ങൾ ലഭ്യമാണ്. | മെയിന്റനൻസ് ആവശ്യമാണ് |
| പി. എച്ച് സബ്സെന്റർ | സ്വന്തംസ്ഥലം, കെട്ടിടം, ഫർണിച്ചർ, കമ്പ്യൂട്ടർ | രണ്ട് സബ്സെന്ററുകൾക്ക് കെട്ടിടനിർമ്മാണത്തിന് ഭൂമി വാങ്ങേണ്ടതുണ്ട്. |

| | | |
|---|---|---|
| | സൗകര്യങ്ങൾ ലഭ്യമാണ്. | |
| പി.എച്ച്.സി | സ്വന്തംസ്ഥലം, കെട്ടിടം, ഫർണിച്ചർ, ക<br><br>മ്പ്യൂട്ടർ സൗകര്യങ്ങൾ ലഭ്യമാണ്. | മരുന്നുകൾ വാങ്ങണം |
| ആയുർവേദ ആശുപത്രി | സ്വന്തംസ്ഥലം, കെട്ടിടം, ഫർണിച്ചർ, കമ്പ്യൂട്ടർ സൗകര്യങ്ങൾ ലഭ്യമാണ്. | മരുന്നുകൾ വാങ്ങണം |

### അദ്ധ്യായം 8

## വായ്പാ ബന്ധങ്ങൾ

ആവശ്യമായ വിഭവങ്ങൾ സമാഹരിക്കുക എന്നുള്ളത് വളരെ പ്രാധാന്യം അർഹിക്കുന്ന ഒന്നാണ്. വർദ്ധിച്ചുവരുന്ന വികസന ആവശ്യങ്ങൾ എല്ലാം തന്നെ പരിഹരിക്കുന്നതിന് ആവശ്യമായ ധനം ഒരിക്കലും നമ്മുടെ പക്കൽ എത്താറില്ല. അപ്പോൾ ലഭ്യമായ വിഭവം വിനിയോഗിച്ച് പരമാവധി നേട്ടം ലഭിക്കുന്ന പദ്ധതികൾ മുൻഗണനാക്രമത്തിൽ ഏറ്റെടുക്കുകയാണ് ചെയ്യുക. പഞ്ചായത്തിന് പദ്ധതി വിഹിതമായി ലഭിക്കുന്ന തുക, മെയിന്റനൻസ് ഗ്രാന്റ്, തനതു ഫണ്ട്, കേന്ദ്രാവിഷ്കൃത വിഹിതം, ഗുണഭോക്തൃ വിഹിതം, ബാങ്ക് വായ്പ എനിവ ഉൾപ്പെടുത്തിയാണ് വാർഷിക പദ്ധതി തയ്യാറാക്കിയിട്ടുള്ളത്.

കാർഷിക ഉൽപാദന വർദ്ധനവാകുന്ന പദ്ധതികൾക്കും ടൂറിസം വികസന പരിപാടികൾക്കും ചെറുകിട വ്യവസായ സംരംഭങ്ങൾക്കും പുതിയ ഭവന നിർമ്മാണ പദ്ധതികൾക്കും വായ്പ ലഭ്യമാക്കുന്നതിന് പഞ്ചായത്തിലെ വിവിധ ബാങ്കുകളുമായി നടന്ന ചർച്ചയിൽ ബാങ്ക് പ്രതിനിധികൾ സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. എന്നാൽ ഗുണഭോക്താവിന് ബാങ്കുകളിൽ നിന്ന് വായ്പ ലഭിക്കുന്നതിനായി വളരെയെറേ ബുദ്ധിമുട്ടുകൾ നേരിടുന്നു. ഏറ്റവും പ്രാധാന്യം വായ്പക്കുള്ള ഈടാണ്.

### അദ്ധ്യായം 9

## സമഗ്രപരിപാടികളും സംയോജന സാദ്ധ്യതകളും

ലഭ്യമായ വിഭവങ്ങൾ പരമാവധി പ്രയോജനപ്രദമായി വിനിയോഗിക്കുന്നതിന് സമഗ്രമായ ഒരു വികസന കാഴ്ചപ്പാട് അത്യന്താപേക്ഷിതമാണ്. അതിനാൽ വിവിധ മേഖലകളിലും തലങ്ങളിലും നടക്കുന്ന വികസന പ്രവർത്തനങ്ങളെ ആസൂത്രിതമായി ഏകോപിപിച്ച് സമഗ്ര പരിപാടികൾ ആക്കുക

വഴി പരമാവധി നേട്ടങ്ങൾ കൈവരിക്കുവാൻ സാധിക്കുന്നു. ഈ ലക്ഷ്യം മുൻനിർത്തി താഴെ പറയുന്ന സമഗ്ര വികസന പരിപാടികളാണ് പതിനാലാം പഞ്ചവത്സര പദ്ധതിയുടെ മൂന്നാം വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

## സമഗ്ര ശിശു – വൃദ്ധജന സംരക്ഷണ പദ്ധതി

പഞ്ചായത്തിലെ വനിതകളുടെയും ശിശുക്കളുടെയും വയോജനങ്ങളുടെയും ക്ഷേമം ഉറപ്പു വരുത്തുന്നതിനുള്ള പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്. കുട്ടികൾക്കും, വൃദ്ധർക്കും, കൗമാരക്കാരായ പെൺകുട്ടികൾക്കും, ഭിന്നശേഷിയുള്ളവർക്കും, അംഗനവാടികളിലൂടെ പോഷകാഹാരവിതരണ പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്.

## സമഗ്ര ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടികൾ

ദാരിദ്ര്യനിർമ്മാർജ്ജനം ലക്ഷ്യമാക്കി നിരവധി പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. പ്രത്യേകിച്ചും വനിതകൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിനും അതുവഴി വരുമാന വർദ്ധനവും ഉറപ്പ് വരുത്തുന്ന പദ്ധതികളാണ് ഏറ്റെടുത്തിരിക്കുന്നത്. അതിദരിദ്രർക്കുവേണ്ടിയുള്ള മൈക്രോപ്ലാൻ തയ്യാറാക്കി ഗ്രാമപഞ്ചായത്തിനെ അതിദാരിദ്യമുക്തമാക്കിയിട്ടുണ്ടു. ദാരിദ്യം തുടച്ചുമാറ്റുന്നതിന് സമഗ്രമായ പദ്ധതികൾ ഏറ്റെടുത്തിട്ടുമുണ്ട്.

### അദ്ധ്യായം 10

# മോണിറ്ററിംഗ്

പദ്ധതിയുടെ വിഭാവനം ചെയ്ത രീതിയിൽ മാനദണ്ഡപ്രകാരം നടക്കുന്നുണ്ടോ, പദ്ധതിയുടെ സമയബന്ധിതമായ പൂർത്തീകരണം, പദ്ധതിയുടെ ലക്ഷ്യം പൂർണ്ണമായും കൈവരിക്കാൻ സാധിക്കുന്നുണ്ടോ, പദ്ധതിയുടെ ഗുണം അർഹതപ്പെട്ടവർക്ക് ലഭിക്കുന്നുണ്ടോ, പ്രവർത്തനങ്ങളുടെയും സാധനങ്ങളുടെയും ഗുണമേന്മ എന്നിവയാണ് മോണിട്ടറിംഗിന് വിധേയമാക്കേണ്ട പ്രധാനപ്പെട്ട ഘടകങ്ങൾ. ഓരോ മേഖലകളിലും രൂപീകരിച്ചിട്ടുള്ള വർക്കിംഗ് ഗ്രൂപ്പുകൾ അതാതുമേഖലകളിലെ പ്രോജക്ടു നടത്തിപ്പിന്റെ മോണിറ്ററിംഗ് സമിതിയായി പ്രവർത്തിക്കണം. ഇതിനുപുറമേ വാർഡുതലത്തിലും പഞ്ചായത്ത് തലത്തിലും മോണിറ്റിറിംഗ് സമിതി രൂപീകരിക്കണം. നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്ന സ്ഥലങ്ങളിൽ പ്രത്യേകം മോണിറ്ററിംഗ് സമിതി രൂപീകരിക്കേണ്ടതും പദ്ധതികളുടെ ഗുണമേന്മ ഉറപ്പു വരുത്തുകയും ആവശ്യാനുസരണമുള്ള ഉപദേശ നിർദ്ദേശങ്ങൾ യഥാസമയം മോണിറ്റിറിംഗ് സമിതി നൽകേണ്ടതുമാണ്. ഈ ലക്ഷ്യം മുന്നിൽ കണ്ടാണ് പദ്ധതിയുടെ മോണിട്ടറിംഗ് സംവിധാനം ശ്രദ്ധാപൂർവ്വം രൂപീകരിച്ചിരിക്കുന്നത്.